**പതിമൂന്നാം കേരള നിയമസഭ**

# സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2014-2016)

**പന്ത്രണ്ടാമത് റിപ്പോർട്ട്**

(2015 ഡിസംബർ 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (1996-1998)-യുടെ നാലാമത് റിപ്പോർട്ടിന്മേലുള്ള (സ്ത്രീപീഡനം, ബാലവേല എന്നിവയിൽ നിന്നും യഥാക്രമം സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കുക എന്നത് ലക്ഷ്യമാക്കിയുള്ള സ്പെഷ്യൽ റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2014-2016)

## പന്ത്രണ്ടാമത് റിപ്പോർട്ട്

(2015 ഡിസംബർ 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (1996-1998)-യുടെ നാലാമത് റിപ്പോർട്ടിന്മേലുള്ള (സ്ത്രീപീഡനം, ബാലവേല എന്നിവയിൽ നിന്നും യഥാക്രമം സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കുക എന്നത് ലക്ഷ്യമാക്കിയുള്ള സ്പെഷ്യൽ റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

52/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 54 |

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ</u> :

ഡോ. എൻ. ജയരാജ്

<u>അംഗങ്ങൾ</u> :

ശ്രീമതി ഇ. എസ്. ബിജിമോൾ

ഡോ. കെ. ടി. ജലീൽ

ശ്രീമതി കെ. കെ. ലതിക

ശ്രീ. സി. മോയിൻകുട്ടി

ശ്രീമതി കെ. എസ്. സലീഖ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. പി. ഉബൈദുള്ള

ശ്രീ. എം. പി. വിൻസെന്റ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. സി. ജോസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി കവിത ഉണ്ണിത്താൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, അണ്ടർ സെക്രട്ടറി

ശ്രീ. റ്റി. എസ്. പ്രേമാനന്ദ്, അണ്ടർ സെക്രട്ടറി.

# ആമുഖം

സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സ്ത്രീപീഡനം, ബാലവേല എന്നിവയിൽ നിന്നും യഥാക്രമം സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കുക എന്നത് ലക്ഷ്യമാക്കിയുള്ള (1996-1998) സമിതിയുടെ സ്പെഷ്യൽ റിപ്പോർട്ട് 1997 ഏപ്രിൽ 7-ാം തീയതി സഭയിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങിയതാണ് ഈ റിപ്പോർട്ട്.

2015 ഡിസംബർ 14-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഡോ. എൻ. ജയരാജ്,

*അദ്ധ്യക്ഷൻ,*

*സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 16.

# റിപ്പോർട്ട്

പത്താം കേരള നിയമസഭയിലെ സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (1996-1998)യുടെ നാലാമത് റിപ്പോർട്ട് 1997 ഏപ്രിൽ മാസം 7-ാം തീയതി സഭയിൽ സമർപ്പിച്ചു. സ്ത്രീപീഡനം, ബാലവേല എന്നിവയിൽ നിന്നും യഥാക്രമം സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കുക എന്നത് ലക്ഷ്യമാക്കിയുള്ള 44 ശിപാർശകൾ ഉൾക്കൊള്ളുന്നതായിരുന്നു പ്രസ്തുത സ്പെഷ്യൽ റിപ്പോർട്ട്.

2. ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് 4-8-1997-ൽ റിപ്പോർട്ടിന്റെ പകർപ്പുകൾ അയച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടിയും ഉൾപ്പെടുന്നതാണ് ഈ ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

3. ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ സമിതി (1996-1998)യുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകൾ, അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

രണ്ടാം ഭാഗത്തിൽ 4-ാമത് റിപ്പോർട്ടിലെ നാളിതുവരെ സർക്കാരിൽ നിന്ന് നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാത്ത, ശിപാർശകളും ബന്ധപ്പെട്ട വകുപ്പിന്റെ പേരും ഉൾപ്പെടുത്തിയിരിക്കുന്നു.

ശിപാർശകൾ നടപ്പിലാക്കിയതിന്റെ ഭാഗമായി പുറപ്പെടുവിച്ച സർക്കുലറുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

4. ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ നടപടി റിപ്പോർട്ട് ലഭ്യമാകാത്ത സാഹചര്യത്തിൽ 18-1-2012-ൽ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തിയിരുന്നു. അതിനെ തുടർന്ന് ചില ശിപാർശകളിന്മേലുള്ള റിപ്പോർട്ടുകൾ ലഭ്യമാക്കുകയും സമിതി അംഗീകരിക്കുകയും ചെയ്തു. എന്നാൽ <u>ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡികൾ 16, 46, 53, 54, 76, 118, 119 എന്നിവയിലെ ശിപാർശകളിന്മേൽ 18 വർഷങ്ങൾ കഴിഞ്ഞിട്ടും നാളിതുവരെ റിപ്പോർട്ട് ലഭ്യമാക്കാത്തത് സമിതി ഗൗരവത്തോടെ വീക്ഷിക്കുന്നു.</u> ആയത് താമസംവിനാ ലഭ്യമാക്കണമെന്ന് സമിതി കർശന നിർദ്ദേശം നൽകുന്നു.

5. ഗവൺമെന്റിൽ നിന്നും അനന്തര നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്ത ശിപാർശകളുടെ വിവരം രണ്ടാം ഭാഗത്തിൽ ചേർത്തിരിക്കുന്നു.

ഭാഗം I

## ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ
## (സമിതി അംഗീകരിച്ചവ)

| ക്രമ നമ്പർ | ശിപാർശ നമ്പർ | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 1 | ഈ സമിതി (1996-1998) നിലവിൽ വന്നതിനുശേഷം നാളിതുവരെ കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ തുടങ്ങിയ ജില്ലകൾ സന്ദർശിക്കുകയും പൊതുജനങ്ങളിൽ നിന്നും സംഘടനാ പ്രവർത്തകരിൽ നിന്നും മറ്റും പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും പ്രസ്തുത പരാതികൾക്കുള്ള പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. സമിതിക്ക് ലഭിച്ച നിരവധി പ്രശ്നങ്ങൾക്ക് ഇനിയും ഗവൺമെന്റിൽ നിന്നും റിപ്പോർട്ട് ലഭിക്കേണ്ടതായിട്ടുണ്ട്. ജില്ലാ സന്ദർശന വേളയിൽ സ്ത്രീകളുടെ സുരക്ഷിതത്വമില്ലായ്മ, ബലാൽസംഗങ്ങൾ, കൊലപാതകങ്ങൾ സംശയകരമായ സാഹചര്യത്തിലുള്ള മരണങ്ങൾ തുടങ്ങി ഞെട്ടിക്കുന്ന സംഭവങ്ങൾ സംബന്ധിച്ച് നിരവധി | **ആഭ്യന്തര വകുപ്പ്**<br>(8-4-1999-ലെ 47453/പി.എസ്./97/ആഭ്യന്തരം നമ്പർ കത്ത് മുഖേന)<br>സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ അതത് സമയത്തുതന്നെ ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നതായും, മേലിലും ഇപ്രകാരം തുടരുന്നതിന് ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതും, ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ ആവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്. ആദിവാസികൾക്കെതിരെ ഉണ്ടാകുന്ന പീഡന സംഭവങ്ങളിൽ പോലീസ് തക്കസമയത്ത് നടപടികൾ സ്വീകരിച്ച് കുറ്റക്കാർക്കെതിരെ കേസുകളെടുക്കുകയും |

| | | | |
|---|---|---|---|
| | | പരാതികൾ സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. 1991-ൽ കാസർഗോഡ് ജില്ലയിൽ നിന്നും 13 ആദിവാസി പെൺകുട്ടികളെ കാണാതായി എന്നും ഇവർക്കെന്തു സംഭവിച്ചു എന്നത് സംബന്ധിച്ച് നാളിതുവരെ അന്വേഷണം നടത്തിയിട്ടില്ല എന്നും സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. പ്രസ്തുത കേസ് സംബന്ധിച്ച് അടിയന്തരമായി അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻമാരോട് ആവശ്യപ്പെടുകയുണ്ടായി. മനുഷ്യമനഃസാക്ഷിയെ ഞെട്ടിക്കുന്ന ഇത്തരം സാഹചര്യങ്ങൾ ആവർത്തിക്കപ്പെടാതിരിക്കുന്നതിനും സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ആവശ്യപ്പെടുന്നു. (ഖണ്ഡിക 10) | പ്രതികൾ രക്ഷപ്പെടാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചും വരുന്നു. ആദിവാസികൾ പോലീസിൽ പരാതിപ്പെട്ടിട്ടും നടപടി സ്വീകരിക്കാത്ത സംഭവം ഉണ്ടായിട്ടില്ല. പരാതി ലഭിക്കുന്നമുറയ്ക്ക് കേസ് ഗ്രേവ് ക്രൈം ആയി എടുത്ത് അന്വേഷണം നടത്തി നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ഡിവൈ. എസ്. പി. റാങ്കിലുള്ള പോലീസുദ്യോഗസ്ഥൻമാരാണ് എസ്.സി./എസ്.റ്റി. അതിക്രമകേസുകൾ അന്വേഷണം നടത്തുന്നത്. കാസർഗോഡ് ജില്ലയിൽ നിന്നും കാണാതായ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ഇരുപത് പേരെയും കണ്ടെത്തിയിട്ടുള്ളതായിട്ടാണ് ഉത്തര മേഖലാ പോലീസ് ഇൻസ്പെക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |
| 2 | 2 | കുട്ടികളെക്കൊണ്ട് കഠിനമായി ജോലി ചെയ്യിക്കുന്നത് നിരോധിച്ചുകൊണ്ട് സുപ്രീം കോടതി വിധിയുണ്ടായിട്ടുണ്ട്. തൊഴിലിൽ നിന്നും വിടുതൽ തേടുന്ന ഓരോരോ കുട്ടിയുടേയും പേരിൽ 25,000 രൂപാവീതം സമാഹരിച്ച് ദേശീയ ക്ഷേമനിധി രൂപവൽക്കരിക്കണമെന്ന് കോടതി | **സാമൂഹ്യനീതി വകുപ്പ്** (18-1-2002-ലെ 6753/ബി3/97/സാക്ഷേവ. നമ്പർ കത്ത് മുഖേന) തെരുവുകുട്ടിയുടെ വിദ്യാഭ്യാസം, സംരക്ഷണം, പുനരധിവാസം മുതലായവ ലക്ഷ്യമാക്കി |

| 1 | 2 | 3 | 4 |
|---|---|---|---|
| | | ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാനത്തെ വീടുകളിലും വർക്ക്ഷോപ്പുകളിലും ഹോട്ടലുകളിലും കരിങ്കൽ ക്വാറികളിലുമൊക്കെ പണിയെടുക്കുന്ന കുട്ടികൾക്കും സുപ്രീം കോടതിയുടെ വിധി ബാധകമാക്കണമെന്നും സംസ്ഥാന ക്ഷേമനിധി ആരംഭിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. തൊഴിലെടുക്കുന്ന കുട്ടികളുടെയും തെരുവുകുട്ടികളുടെയും പശ്ചാത്തലം മനസ്സിലാക്കി അവരെ അതിൽ നിന്നും പിന്തിരിപ്പിച്ച് അവർക്ക് വിദ്യാഭ്യാസവും സംരക്ഷണവും നൽകിക്കൊണ്ട് സ്വന്തം കാലിൽ നിൽക്കുന്നതിന് പ്രാപ്തരാക്കുന്നതിന് തൊഴിൽ വകുപ്പിന്റെകൂടി സഹകരണം ഉറപ്പാക്കി ഒരു പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.<br>(ഖണ്ഡിക 15) | 'സ്കീം ഫോർ ദി വെൽഫെയർ ഓഫ് സ്ട്രീറ്റ് ചിൽഡ്രൻ' എന്ന കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ട്രിവാൻഡ്രം ഡോൺ ബോസ്കോ വീട് സൊസൈറ്റി, അസോസിയേഷൻ ഫോർ വെൽഫെയർ ഓഫ് ദി ഹാൻഡി ക്യാപ്ഡ് എന്നീ സന്നദ്ധസംഘടനകൾ ആണ് പ്രസ്തുത പദ്ധതി യഥാക്രമം തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ പ്രാവർത്തികമാക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. സാമൂഹ്യക്ഷേമ വകുപ്പിന്റെ ശിപാർശയ്ക്ക് വിധേയമായിട്ടാണ് ടി സംഘടനകൾക്ക് കേന്ദ്ര ധനസഹായം ലഭിക്കുന്നത്. ഈ സംഘടനകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് ലോക്കൽ ബോഡീസ് ഉൾപ്പെട്ട സിറ്റി ടാസ്ക് ഫോഴ്സ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു.<br>(4-10-2002-ലെ യോഗത്തിൽ അംഗീകരിച്ചു.)<br>**സാമൂഹ്യനീതി വകുപ്പ്**<br>(24-12-2011-ലെ 2956/ബി3/2008/സാക്ഷേവ. നമ്പർ കത്ത് മുഖേന)<br>ബാലവേലയിൽ നിന്നും മോചിപ്പിക്കുന്ന കുട്ടികളുടെ പുനരധിവാസം ഉദ്ദേശിച്ച് ജില്ലാ |

| | | |
|---|---|---|
| തലത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ-കം-വെൽഫെയർ സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ബാലവേലയിൽ നിന്നും രക്ഷപ്പെടുത്തുന്ന കുട്ടികളുടെ പുനരധിവാസത്തിനായി സുപ്രീം കോടതിവിധിയുടെ അടിസ്ഥാനത്തിൽ തൊഴിലുടമയിൽ നിന്നും 20,000 രൂപയും സർക്കാരിൽ നിന്നും 5,000 രൂപയും ഉൾപ്പെടെയുള്ള തുക ഈടാക്കുന്നതിനാവശ്യമായ നടപടിക്രമം അടങ്ങിയ ഉത്തരവ് ലേബർ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>(1-2-2012-ലെ യോഗത്തിൽ പരിഗണിച്ചു.)<br><br>സമിതി ആരാഞ്ഞ അധികവിവരം<br>ബാലവേലയിൽ നിന്നും രക്ഷപ്പെടുത്തുന്ന കുട്ടികളുടെ പുനരധിവാസത്തിനായി സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ തൊഴിലുടമയിൽ നിന്നും 20,000 രൂപയും സർക്കാരിൽ നിന്നും 5,000 രൂപയുമുൾപ്പെടെയുള്ള തുക ഈടാക്കുന്നതിനാവശ്യമായ നടപടിക്രമം അടങ്ങിയ ലേബർ ഡിപ്പാർട്ട്മെന്റിന്റെ ഉത്തരവ് പാലിക്കപ്പെടുന്നുണ്ടോയെന്നും ഏതെല്ലാം കേസുകളിലാണ് പ്രസ്തുത ഉത്തരവ് നടപ്പിലാക്കിയിട്ടുള്ളതെന്നും എത്ര കുട്ടികളെ ഇതിന്റെ | | |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | പരിധിയിൽ കൊണ്ടുവന്നിട്ടുണ്ടെന്നുമുള്ളതിന്റെ ജില്ല തിരിച്ചുള്ള പൂർണ്ണമായ വിവരം ലഭ്യമാക്കണമെന്ന് തൊഴിലും പുനരധിവാസവും വകുപ്പിനോട് ആവശ്യപ്പെട്ടു.<br><br>**തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്**<br>(19-6-2015-ലെ 25320/ഇ 3/2014/തൊഴിൽ നമ്പർ കത്ത് മുഖേന)<br>ബാലവേല നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ എന്നിവരുടെ നേതൃത്വത്തിൽ കർശനമായ പരിശോധന നടത്തി കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ച് വരുന്നു. ടി പരിശോധനയുടെ ഫലമായി 2015 ഫെബ്രുവരി മാസംവരെ സംസ്ഥാനത്ത് 27 ബാലവേല കേസുകൾ കണ്ടെത്തി കുട്ടികളെ മോചിപ്പിച്ചിട്ടുള്ളതും അതിൽ 4 കുട്ടികളെ ജനന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വിട്ടയയ്ക്കുകയും, വിവിധ തൊഴിലുടമകൾക്കെതിരെ 19 പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്തിട്ടുമുണ്ട്.<br><br>ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ ബാലവേലയിൽനിന്നും |

| | | | |
|---|---|---|---|
| | | | രക്ഷപ്പെടുന്ന കുട്ടികളുടെ പുനരധിവാസത്തിനായി തൊഴിലുടമയിൽ നിന്നും പിഴ ഈടാക്കുന്നതിനുള്ള നടപടി തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ സ്വീകരിക്കുന്നുണ്ട്. ഇപ്രകാരം 2015 ഫെബ്രുവരി മാസംവരെയുള്ള കാലയളവിൽ കണ്ടെത്തിയ ബാലതൊഴിലാളികളുടെ എണ്ണവും അതിന്റെ തുടർനടപടികളും സംബന്ധിച്ചുള്ള ജില്ല തിരിച്ചുള്ള റിപ്പോർട്ട് അനുബന്ധം I-ൽ ഉള്ളടക്കം ചെയ്യുന്നു. |
| 3 | 3 | നിയമങ്ങളുടെ അപര്യാപ്തതകൊണ്ടാണ് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള പീഡനങ്ങൾ വർദ്ധിച്ചുവരുന്നതെന്ന് സമിതി കരുതുന്നില്ല. മറിച്ച് നിയമപാലകൻമാർ പലപ്പോഴും പ്രതിക്കൂട്ടിൽ സ്ഥാനം പിടിക്കുന്നുവെന്നതാണ് സമിതിക്ക് ലഭിക്കുന്ന പരാതികളിൽനിന്നും വ്യക്തമാകുന്നത്. കുറ്റകൃത്യങ്ങൾ തടയുന്നതിനും സ്ത്രീകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും ബാദ്ധ്യസ്ഥരായവർ കുറ്റവാളികൾ ആയാൽ ഇവർക്കെതിരെയുള്ള അന്വേഷണം സത്യസന്ധമായി നടത്തുവാൻ കഴിയുമെന്ന് സമിതി കരുതുന്നില്ല. ഈ സ്ഥിതിവിശേഷം മാറിയേ മതിയാവൂ. വേലിതന്നെ വിളവു തിന്നുന്ന ഇത്തരം സാഹചര്യങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ ഇവർക്ക് കനത്ത ശിക്ഷ നൽകണമെന്ന് സമിതി ശക്തമായി ആവശ്യപ്പെടുന്നു.<br>(ഖണ്ഡിക 17) | **ആഭ്യന്തര വകുപ്പ്**<br>(1-4-2008-ലെ 20493/എ 1/02/ആഭ്യന്തരം നമ്പർ കത്ത് മുഖേന)<br>സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങളിൽ പങ്കാളികളാവുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് ഡി.ജി.പി. കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ ശിക്ഷാധികാരിയായുള്ള കേസ്സുകളിൽ, ഇത്തരക്കാർക്ക് ബന്ധപ്പെട്ട ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള കടുത്ത ശിക്ഷ നൽകാൻ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നതാണ്. |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | | ആദിവാസികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ പീഡനത്തിന്/ചൂഷണത്തിന് വിധേയരാകുന്നവരുടെ എണ്ണം വളരെ കൂടുതലാണെന്ന് സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അവിടെ അവിവാഹിതകളായ നിരവധി അമ്മമാരും അവരുടെ കുട്ടികളും സ്ത്രീപീഡനത്തിന്റെ ബലിയാടുകളായി കഴിയുന്നു. പലർക്കും തങ്ങളുടെ അവകാശങ്ങളെക്കുറിച്ചുള്ള അറിവോ, ചൂഷണത്തിന് വിധേയരാകാതിരിക്കാനുള്ള വിവേകമോ ഇല്ലാത്തവരാകയാൽ ഇവർ എളുപ്പത്തിൽ ചൂഷണത്തിന് വിധേയരാകുന്നു. ഇവരുടെ ദുഃഖത്തിന് കാരണക്കാരാകുന്ന പ്രതികൾ പലപ്പോഴും സമൂഹത്തിലെ സ്വാധീനമുള്ളവരാകയാൽ ഈ സാധുസ്ത്രീകളുടെ സങ്കടങ്ങൾക്ക് നീതി ലഭിക്കാതെ പോകുന്ന സ്ഥിതി വിശേഷമാണുള്ളത്. കൂടാതെ, ഇത്തരത്തിൽ ചൂഷണത്തിന് വിധേയരാകുന്ന സ്ത്രീകൾക്ക് ജനിക്കുന്ന കുട്ടികളുടെ പിതൃത്വം നിർണ്ണയിക്കുന്നതിനുള്ള ഫലപ്രദമായ ടെസ്റ്റ് നമ്മുടെ സംസ്ഥാനത്ത് ലഭ്യമല്ല. ഇവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ഇനിയും അകലങ്ങളിൽ തന്നെ. (ഖണ്ഡിക 24) | **ആഭ്യന്തര വകുപ്പ്** (8-4-1999-ലെ 47453/പി.എസ്./97/ആഭ്യന്തരം നമ്പർ കത്ത് മുഖേന) ആദിവാസി സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും എടുത്തുവരുന്നു. ലൈംഗിക ചൂഷണക്കേസ്സുകളിൽ പിതൃത്വം തെളിയിക്കുന്നതിനുള്ള ഡി.എൻ.എ. ടെസ്റ്റ് നടത്തുന്നതിന് കേരളത്തിൽ സംവിധാനം ഇല്ലാത്തതിനാൽ താമസം നേരിടുന്നുണ്ട്. |

| | | | |
|---|---|---|---|
| 5 | 4 | ഇത്തരം പീഡനങ്ങൾ ഫലപ്രദമായി തടയുന്നതിനും കുറ്റവാളികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും ശക്തമായ അധികാരങ്ങൾ വ്യവസ്ഥചെയ്യുകൊണ്ടുള്ള Scheduled Castes and Scheduled Tribes (Prevention of Atrocities) Act, 1989. നിലവിലുള്ള നമ്മുടെ സംസ്ഥാനത്ത് കുറ്റവാളികൾ ശിക്ഷിക്കപ്പെടാത്തതെന്തുകൊണ്ടാണെന്ന് സമിതിക്ക് മനസ്സിലാകുന്നില്ല. ശക്തമായ നിയമവും Special Mobile Squad-ന്റെ സേവനവും ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ ആദിവാസികൾക്കും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു മെതിരെയുള്ള അതിക്രമങ്ങൾ ഫലപ്രദമായി നിരോധിക്കണമെന്നും അവരുടെ സംരക്ഷണം ഉറപ്പ് വരുത്തണമെന്നും സമിതി ആവശ്യപ്പെടുന്നു.<br>(ഖണ്ഡിക 25) | **ആഭ്യന്തര വകുപ്പ്**<br>(8-4-1999-ലെ 47453/പി.എസ്./97/ആഭ്യന്തരം നമ്പർ കത്ത് മുഖേന)<br>എസ്.സി./എസ്.റ്റി. ആക്റ്റ് അനുസരിച്ച് കുറ്റവാളികൾക്കെതിരെ ഉചിതമായ നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും, ഇക്കാര്യത്തിൽ ബന്ധപ്പെട്ട എല്ലാ പോലീസുദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.<br><br>**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്**<br>(5-10-2006-ലെ 13503/എഫ്3/01/പജപവവിവ. നമ്പർ കത്ത് മുഖേന)<br>ആദിവാസി മേഖലകളിലെ ചൂഷണത്തിനെതിരെ ശക്തമായ നടപടികൾ പോലീസ് വകുപ്പിൽ സ്വീകരിച്ചുവരുന്നു. ആയതിൽ വീഴ്ച വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ടി ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നതിനും കുറ്റവാളികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനും ശക്തമായ അധികാരങ്ങൾ വ്യവസ്ഥ ചെയ്യുകൊണ്ടുള്ള ഒരു |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | എക്സിക്യൂട്ടീവ് ഡയറക്ടീവ് 10-11-2003-ൽ 18/2003 നമ്പരായി പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാ പോലീസ് തലവൻമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. കൂടാതെ മേഖലാ ഐ.ജി. മാരും റേഞ്ച് ഡി.ഐ.ജി.മാരും തങ്ങളുടെ അധികാര പരിധിയിൽ ടി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തണമെന്നും പ്രത്യേകം ആവശ്യപ്പെട്ടിട്ടുണ്ട്. പോലീസിൽ നിന്നും എഫ്.ഐ.ആർ. കിട്ടുന്നമുറയ്ക്ക് സത്വരനടപടികൾ വകുപ്പുതലത്തിൽ എടുത്തുവരുന്നു. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെ അതിക്രമങ്ങൾ അവസാനിപ്പിക്കുന്നതിന് 1989-ലെ നിയമം നടപ്പിലാക്കുന്നത് പരിശോധിക്കുന്നതിനും പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിനും ജില്ലാ തലത്തിൽ കമ്മിറ്റികൾ നിലവിലുണ്ട്. അതിക്രമത്തിനിരയാകുന്ന പട്ടികജാതിക്കാർക്ക് ജില്ലാതല കമ്മിറ്റിയുടെ ശിപാർശയിന്മേൽ അർഹമായ ധനസഹായം നൽകിവരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ആക്റ്റിൽ പറയുന്ന വകുപ്പ് ചേർത്ത് കേസ് രജിസ്റ്റർ ചെയ്യുന്നതിൽ പോലീസിന്റെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ച ഉണ്ടാകുന്നതും കേസ് വാദിക്കുന്നതിന് സർക്കാർ ജീവനക്കാരായ പ്രോസിക്യൂട്ടർമാരുടെ കുറവും ഇത്തരം കേസുകൾ ശിക്ഷിക്കപ്പെടാതിരിക്കാൻ കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ ഇതു സംബന്ധിച്ച് വേണ്ട നടപടികൾ സ്വീകരിച്ച് സമിതിക്ക് നേരിട്ട് റിപ്പോർട്ട് നൽകാൻ ആഭ്യന്തര (എസ്.സി.) വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>(4-2-2008-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 6 | 5 | അവിവാഹിതകളായ അമ്മമാരുടെയും കുട്ടികളുടെയും പുനരധിവാസത്തിനും അവർക്ക് തൊഴിലവസരങ്ങൾ നൽകുന്നതുൾപ്പെടെയുള്ള ക്ഷേമപ്രവർത്തനങ്ങൾക്കും അടിയന്തര നടപടി സ്വീകരിച്ച് സമയബന്ധിതമായി അവ നടപ്പിലാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.<br>(ഖണ്ഡിക 26) | **പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്**<br>(5-10-2006-ലെ 13503/എഫ്3/01/പജപവവിവ. നമ്പർ കത്ത് മുഖേന)<br>പട്ടികവർഗ്ഗ വിഭാഗത്തിലെ അവിവാഹിതരായ അമ്മമാരുടെയും കുട്ടികളുടെയും പുനരധിവാസത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുന്തിയ പരിഗണന നൽകിവരുന്നുണ്ട്. അപ്രകാരമുള്ളവർക്ക് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നതിന് |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | പുറമെ പഞ്ചായത്തിന്റെയും, പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും പദ്ധതികളിൽ ഗുണഭോക്താക്കൾ എന്ന നിലയിൽ മുന്തിയ പരിഗണന നൽകി വരുന്നതും കുട്ടികളുടെ വിദ്യാഭ്യാസത്തിന് ഹോസ്റ്റൽ, മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തി വരുന്നതുമാണ്.<br><br>പട്ടികജാതി വിഭാഗത്തിൽ ഇത്തരം കേസുകൾ ശ്രദ്ധയിൽവരുമ്പോൾ അവരുടെ പുനരധിവാസം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. (4-2-2008-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 7 | 6 | സമൂഹത്തിന്റെ എല്ലാ മേഖലകളിലുമുള്ളവർക്കും കുട്ടികൾക്കും സംരക്ഷണം ലഭിച്ചാലെ ഈ രംഗത്തെ അതിക്രമങ്ങൾക്ക് ശാശ്വത പരിഹാരം കാണാനാകൂ എന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇതിനായി ആദിവാസികളെക്കൂടി മുഖ്യധാരയിൽ കൊണ്ടുവന്ന് അവർക്ക് സംരക്ഷണം നൽകുന്നതിനും അതുപോലെ അവർ ചൂഷിതരാകാതിരിക്കുന്നതിനും തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് അവരെ ബോധവാൻമാരാക്കുന്നതിനുമുള്ള | **പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്**<br>(5-10-2006-ലെ 13503/എഫ്3/01/പജപവവിവ. നമ്പർ കത്ത് മുഖേന)<br>അതിക്രമങ്ങൾ സംബന്ധിച്ച് പട്ടികജാതിയിൽപ്പെട്ടവരെ ബോധവൽക്കരിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സെമിനാറുകളും ക്ലാസുകളും സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ വകുപ്പിന്റെ കീഴിൽ സേവനമനുഷ്ഠിക്കുന്ന |

| | | | |
|---|---|---|---|
| | | ബോധവൽക്കരണം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു. (ഖണ്ഡിക 27) | എസ്.സി.പ്രൊമോട്ടർമാർക്കും അതിക്രമങ്ങൾ സംബന്ധിച്ച ക്ലാസ് നൽകുകയും അവർ താഴെക്കിടയിലുള്ള പട്ടികജാതിക്കാരുടെ ഇടയിൽ ബോധവൽക്കരണം നൽകണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. സമൂഹത്തിന്റെ എല്ലാ മേഖലയിലുള്ളവർക്കും കുട്ടികൾക്കും സംരക്ഷണം നൽകുന്നതിനും അതിക്രമങ്ങൾക്കുള്ള ശാശ്വത പരിഹാരം കാണുന്നതിനും ചൂഷിതരാകാതിരിക്കുന്നതിനും അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവാൻമാർ ആക്കുന്നതിനുള്ള സെമിനാറുകൾ പഞ്ചായത്ത് തലത്തിൽ നടത്തിവരുന്നുണ്ട്. (4-2-2008-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 8 | 7 | ജീവനാംശം നൽകുന്നത് സംബന്ധിച്ച ഹർജികൾക്ക് ഒരു സമയബന്ധിത പരിപാടിയനുസരിച്ച് തീർപ്പ് കൽപ്പിക്കുന്നതിനും പ്രസ്തുത വിധി നടപ്പിലാക്കുന്നതിന് എതിർ കക്ഷിയുടെ സ്വത്തിൽ നിന്നും തുക ഈടാക്കുന്നതുൾപ്പെടെയുള്ള ഫലപ്രദമായ നടപടി സ്വീകരിക്കണമെന്നും സമിതി ആവശ്യപ്പെടുന്നു. 1972-ലെ നിയമ പ്രകാരം ജീവനാംശമായി അനുവദിച്ചിരുന്ന തുക | **ആഭ്യന്തര വകുപ്പ്** (18-12-2013-ലെ 111882/സി2/13/ആഭ്യന്തരം നമ്പർ കത്ത് മുഖേന) ജീവനാംശം നൽകുന്നത് സംബന്ധിച്ച ഹർജികളിന്മേൽ ഒരു സമയബന്ധിത പരിപാടിയനുസരിച്ച് തീർപ്പ് കല്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് |

| 1 | 2 | 3 | 4 |
|---|---|---|---|
| | | ഇതുവരെയും വർദ്ധിപ്പിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത തുക ഉചിതമായി വർദ്ധിപ്പിച്ച് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 28) | നൽകാൻ ഹൈക്കോടതി രജിസ്ട്രാറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>(30-4-2014-ലെ യോഗത്തിൽ അംഗീകരിച്ചു.)<br>**സാമൂഹ്യനീതി വകുപ്പ്**<br>(25-10-2014-ലെ 11936/ബി2/14/സാനീവ. നമ്പർ കത്ത് മുഖേന)<br>1973-ലെ The Code of Criminal Procedure-ന്റെ 125-ാം വകുപ്പിൽ ജീവനാംശം തുക "not exceeding five hundred rupees in the whole" എന്ന് മുമ്പ് നിജപ്പെടുത്തിയിരുന്നത് 2001-ലെ ആക്റ്റ് 50 (ഭേദഗതി) പ്രകാരം 24-9-2001 മുതൽ പ്രാബല്യത്തിൽ ഒഴിവാക്കിയിട്ടുണ്ട്. നിലവിൽ ഒരു ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് ആണ് ജീവനാംശം തുക നിശ്ചയിച്ചു നൽകുന്നത്. ഓരോ കേസും പരിഗണിക്കുന്ന മജിസ്ട്രേറ്റിന് യുക്തമെന്ന് തോന്നാവുന്ന തുക അനുവദിച്ചുനൽകുവാൻ അധികാരമുണ്ട്.<br>(26-11-2014-ലെ യോഗത്തിൽ അംഗീകരിച്ചു.) |

| | | |
|---|---|---|
| 9 | പല സ്ത്രീപീഡനക്കേസ്സുകളിലും തെളിവുകൾ നശിപ്പിക്കുന്നതിനും കുറ്റവാളികൾ അനായാസം രക്ഷപ്പെടുന്നതിനും കേസന്വേഷണത്തിൽ വരുന്ന പാളിച്ചകളും എഫ്.ഐ.ആർ. തയ്യാറാക്കുന്നതിലും കുറ്റപത്രം സമർപ്പിക്കുന്നതിലും രാസപരിശോധനാ റിപ്പോർട്ട് ലഭ്യമാക്കുന്നതിലുണ്ടാകുന്ന അമിതമായ കാലതാമസം കാരണമാകുന്നുണ്ടെന്ന് സമിതിക്ക് ബോദ്ധ്യമായിട്ടുണ്ട്. (ഖണ്ഡിക 29) | **ആഭ്യന്തര വകുപ്പ്**<br>(1-1-2005-ലെ 5547/ഇ 4/97/ആഭ്യന്തരം നമ്പർ കത്ത് മുഖേന)<br>സംസ്ഥാനത്തെ 11 ജില്ലകളിൽ പുതിയതായി ലബോറട്ടറികൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ ഒരു ലബോറട്ടറി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം 2001-2002 വർഷത്തിൽ പരിഗണിക്കുകയുണ്ടായെങ്കിലും ധനവ്യയനിയന്ത്രണ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ആയത് മാറ്റിവയ്ക്കുകയുണ്ടായി.<br>സമിതി ആവശ്യപ്പെട്ട അധികവിവരം<br>കണ്ണൂർ ജില്ലയിൽ ലബോറട്ടറി സ്ഥാപിക്കാനുള്ള നടപടി ഏത് വരെയായെന്ന് ആരായുവാനും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടതിനാൽ ഇക്കാര്യം സജീവമായി പരിഗണിക്കണമെന്നും ഗവൺമെന്റിനോട് ശിപാർശ ചെയ്യുവാനും ലബോറട്ടറികൾ സ്ഥാപിക്കുവാനും തീരുമാനിച്ചു (പിന്നീട് തസ്തികകൾ സൃഷ്ടിക്കുന്നതടക്കമുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചതിൽ സമിതി സന്തുഷ്ടി രേഖപ്പെടുത്തുകയും ആയത് റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അത് ഉൾപ്പെടുത്തണം). |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | **ആഭ്യന്തര വകുപ്പ്**<br>(13-1-2006-ലെ 34579/ഇ 4/05/ആഭ്യന്തരം നമ്പർ കത്ത് മുഖേന)<br>രാസപരിശോധനാ റിപ്പോർട്ട് നൽകുന്നതിനുള്ള കാലതാമസം പ്രധാനമായും സ്റ്റാഫിന്റെ അഭാവംമൂലമാണെന്ന് കണ്ടതിന്റെ വെളിച്ചത്തിലാണ് നിലവിലുള്ള മൂന്ന് ലബോറട്ടറികളിലും സ്റ്റാഫിന്റെ എണ്ണം കൂട്ടുന്നതിനായി 21-7-2004-ലെ ജി.ഒ. (എംഎസ്.) നമ്പർ 247/04/ആഭ്യന്തരം പ്രകാരം അധിക തസ്തികകൾ അനുവദിക്കുകയാണുണ്ടായത്. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം എന്നീ ജില്ലകളിലെ കേസുകൾ കോഴിക്കോട്ടെ ലബോറട്ടറി കൈകാര്യം ചെയ്യുവരുന്നുവെന്നും കണ്ണൂരിൽ പുതിയ ലബോറട്ടറി ആരംഭിക്കേണ്ട ആവശ്യകത ഇപ്പോൾ ഇല്ലെന്നും ചീഫ് കെമിക്കൽ എക്സാമിനർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. |
| 10 | 8 | പ്രതികളെ അറസ്റ്റ് ചെയ്തിട്ടും കുറ്റപത്രം സമർപ്പിക്കാൻ രണ്ട് വർഷക്കാലം വേണ്ടിവന്നതിന് ഒരു ന്യായീകരണവും കാണാൻ കമ്മിറ്റിക്ക് കഴിയുന്നില്ല. കേസന്വേഷണത്തിൽ വരുന്ന ഇത്തരം വീഴ്ചകൾ ഒഴിവാക്കുന്നതിനും സമയബന്ധിതമായി കേസന്വേഷണം പൂർത്തിയാക്കി | **ആഭ്യന്തര വകുപ്പ്**<br>(11-8-2009-ലെ 50469/ജെ2/05/ആഭ്യന്തരം നമ്പർ കത്ത് മുഖേന)<br>ഇക്കാര്യത്തിൽ കേസന്വേഷണത്തിലെ നേരിയ പാളിച്ചപോലും ഒഴിവാക്കി കുറ്റമറ്റ രീതിയിലും |

| | | | |
|---|---|---|---|
| | | ശരിയായ വകുപ്പ് പ്രകാരം കുറ്റപത്രം സമർപ്പിക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു. (ഖണ്ഡിക 31) | സമയബന്ധിതമായും കേസന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കാനുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് വേണ്ടി ബന്ധപ്പെട്ട പോലീസ് അധികാരികൾക്ക് പോലീസ് ഡയറക്ടർ ജനറൽ ഓഫീസിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർന്നും ഇവ പാലിക്കപ്പെടുന്നുണ്ടോയെന്ന് നിരീക്ഷിക്കുന്നതും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതുമാണ് എന്ന് പോലീസ് ഡയറക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു.<br>(3-2-2010-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 11 | 9 | എഫ്.ഐ.ആർ. തയ്യാറാക്കാൻ കാലതാമസമെടുക്കുന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും കുറ്റകൃത്യങ്ങൾ ലാഘവത്തോടെ കാണുന്ന ഇത്തരം പ്രവണത ആവർത്തിക്കപ്പെടാതിരിക്കാൻ ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. (ഖണ്ഡിക 33) | **ആഭ്യന്തര വകുപ്പ്**<br>(4-8-2009-ലെ 66730/ഡി2/08/ആഭ്യന്തരം നമ്പർ കത്ത് മുഖേന)<br>കുറ്റകൃത്യങ്ങളെ ലാഘവത്തോടെ കാണുന്ന പ്രവണത ആവർത്തിക്കാതിരിക്കാനും, സ്റ്റേഷനുകളിൽ ലഭിക്കുന്ന പരാതികളിന്മേൽ സത്വര നടപടി സ്വീകരിക്കാനും ആയതിന് വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകാൻ സമിതി ആവശ്യപ്പെട്ടിരുന്നതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികളെ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | സംബന്ധിച്ച നിർദ്ദേശങ്ങൾ അടങ്ങിയ കത്ത് എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും പോലീസ് കമ്മീഷണർമാർക്കും അയച്ചുകൊടുത്തിട്ടുണ്ട് എന്ന് പോലീസ് ഡയറക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിരുന്ന വിവരം അറിയിച്ചുകൊള്ളുന്നു. പ്രസ്തുത നിർദ്ദേശത്തിൽ ജില്ലാ സൂപ്രണ്ടുമാർ അവരവരുടെ കീഴിലുള്ള എല്ലാ യൂണിറ്റുകളിലും ലഭിക്കുന്ന പരാതികളിന്മേൽ ഉടനടി നടപടി സ്വീകരിക്കാനും, അവയിന്മേൽ കുറ്റക്കാർക്ക് രക്ഷപ്പെടാനുള്ള എല്ലാ പഴുതുകളും അടച്ച് പരാതിക്കാരന് നിയമപരമായ എല്ലാ ആനുകൂല്യങ്ങളും അവകാശവും ഉറപ്പാക്കിക്കൊണ്ടുള്ള യുക്തവും, നിഷ്പക്ഷവുമായ അന്വേഷണം നടത്തുവാനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ കർശനമായ നിയമ നടപടി സ്വീകരിക്കുന്നതാണെന്നും ഡയറക്ടർ ജനറൽ ഓഫ് പോലീസ് റിപ്പോർട്ട് ചെയ്തിരിക്കുന്ന വിവരം അറിയിക്കുന്നു.<br>(30-11-2010-ലെ യോഗത്തിൽ അംഗീകരിച്ചു.) |

| | | | |
|---|---|---|---|
| 12 | 10 | ശ്രീമതി മറിയം, തൃശ്ശൂർ സമിതിക്ക് നൽകിയ പരാതി വിഷയത്തിൽ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ അന്വേഷണ റിപ്പോർട്ട് നല്കിയ പ്രവണത ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകണമെന്നും സമിതി ആവശ്യപ്പെടുന്നു.<br><br>ഹർജിക്കാരി ഉന്നയിച്ച പ്രശ്നങ്ങളെ സംബന്ധിച്ച അന്വേഷണം നടത്തി ടിയാളുടെ ജീവനും സ്വത്തിനും സംരക്ഷണം നല്കണമെന്നും സമിതി ആവശ്യപ്പെടുന്നു.<br><br>(ഖണ്ഡികകൾ 38, 39) | **ആഭ്യന്തര വകുപ്പ്**<br>(11-8-2009-ലെ 50469/ജെ2/05/ആഭ്യന്തരം നമ്പർ കത്ത് മുഖേന)<br>പ്രസ്തുത സംഗതിയിൽ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള അന്വേഷണ റിപ്പോർട്ട് തയ്യാറാക്കാനിടയായ സാഹചര്യത്തെ സംബന്ധിച്ച് തൃശ്ശൂർ ജില്ലാ പോലീസ് സൂപ്രണ്ടിന്റെ വിശദീകരണം ആരാഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ എസ്.പി.യുടെ വിശദീകരണം പരിശോധിച്ചശേഷം സ്വീകരിക്കുന്നതാണ് എന്ന് പോലീസ് ഡയറക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു.<br>(3-2-2010-ലെ യോഗത്തിൽ അംഗീകരിച്ചു.)<br>സമിതി ആവശ്യപ്പെട്ട അധികവിവരം<br>ശ്രീമതി മറിയം, തൃശ്ശൂർ സമിതിക്ക് നൽകിയ പരാതി വിഷയത്തിൽ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലുള്ള റിപ്പോർട്ട് തയ്യാറാക്കാനിടയായ സാഹചര്യത്തെ സംബന്ധിച്ചുള്ള വിശദീകരണം പരിശോധിച്ചശേഷം റിപ്പോർട്ട് ലഭ്യമാക്കാമെന്ന പോലീസ് സൂപ്രണ്ടിന്റെ മറുപടിയിന്മേൽ നിലവിലുള്ള സ്ഥിതി എന്താണെന്ന് ആരായാൻ സമിതി ആവശ്യപ്പെട്ടു. |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | **ആഭ്യന്തര വകുപ്പ്**<br>(22-1-2011-ലെ 16073/ജെ2/2011/ആഭ്യന്തരം നമ്പർ കത്ത് മുഖേന)<br>തൃശ്ശൂർ ജില്ലാ പോലീസ് സൂപ്രണ്ട്, തൃശ്ശൂർ സ്പെഷ്യൽ ബ്രാഞ്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് മുഖാന്തിരം അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ, 1995 വർഷത്തിൽ പരാതിക്കാരി ശ്രീമതി മറിയവും മക്കളും താമസിച്ചിരുന്ന വീടിന്റെ മുൻവശമുള്ള പറമ്പിൽക്കൂടി അയൽവാസികളും മറ്റും ചേർന്ന് പരാതിക്കാരിയെ ഭീഷണിപ്പെടുത്തിയും ബലം പ്രയോഗിച്ചും വഴി വെട്ടിയെന്നും ആയതിലേക്ക് കൊരട്ടി പോലീസ് സ്റ്റേഷനിൽ പരാതി നൽകിയതിൽ ഫലപ്രദമായ നടപടികൾ ഉണ്ടായില്ലെന്നും തുടർന്ന് സമിതിക്ക് പരാതി നൽകിയെങ്കിലും 1997 മേയ് മാസം പരാതിക്കാരി മരണപ്പെട്ടു എന്നും തുടർന്ന് ഇരുകക്ഷികളും തമ്മിൽ പറഞ്ഞ് ഈ വിഷയത്തിലുള്ള കേസ് തീർപ്പാക്കിയിട്ടുള്ളതായി പരാതിക്കാരിയുടെ മകൻ മൊഴി നൽകിയതായും വ്യക്തമാക്കിയിരിക്കുന്നു. |

| | | |
|---|---|---|
| | | 30-10-2001-ൽ ചാലക്കുടി സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസിലുണ്ടായ തീപിടുത്തത്തെ തുടർന്ന് ശ്രീമതി മറിയത്തിന്റെ പരാതി ഉൾപ്പെടെ ധാരാളം രേഖകളും ഫയലുകളും നശിച്ചുപോയിട്ടുള്ളതിനാൽ, 30-10-2001 മുതലുള്ള ശ്രീമതി മറിയത്തിന്റെ പരാതി സംബന്ധിച്ച രേഖകളോ ഫയലുകളോ ലഭ്യമല്ലായെന്ന് പോലീസ് സൂപ്രണ്ട് റിപ്പോർട്ട് ചെയ്തിരിക്കുന്നു.<br>സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സമിതിയിൽ നിന്നും ലഭിക്കുന്ന പരാതികളിന്മേൽ അതർഹിക്കുന്ന പ്രാധാന്യത്തോടെ അന്വേഷണം നടത്തുവാനും സത്യസന്ധമായും സമയബന്ധിതമായും സർക്കാരും സമിതിയും ആവശ്യപ്പെടുന്ന വിവരങ്ങൾ സമർപ്പിക്കുവാനും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായി വകുപ്പുതല നടപടികൾ സ്വീകരിക്കുവാനും എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും സിറ്റി പോലീസ് കമ്മീഷണർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതായി പോലീസ് ഡയറക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | <u>സമിതി ആവശ്യപ്പെട്ട അധികവിവരം</u><br>സമിതിയിൽ നിന്നും ലഭിക്കുന്ന പരാതികൾ അർഹിക്കുന്ന പ്രാധാന്യത്തോടുകൂടി അന്വേഷണം നടത്തുന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി നൽകിയിട്ടുള്ള നിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കണം.<br>**ആഭ്യന്തര വകുപ്പ്**<br>(13-5-2013-ലെ 16915/ജെ2/2013/ആഭ്യന്തരം നമ്പർ കത്ത് മുഖേന)<br>സംസ്ഥാന പോലീസ് മേധാവി 11-11-2008-ൽ കെ9/102259/05 എന്ന നമ്പരിൽ എല്ലാ ജില്ല കളിലെയും എസ്.പി.മാർക്കും സി.പി.മാർക്കും നൽകിയിട്ടുണ്ട്.<br>(നിർദ്ദേശത്തിന്റെ പകർപ്പ് അനുബന്ധം III ആയി ഉൾപ്പെടുത്തിയിരിക്കുന്നു.)<br>(24-7-2013-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 14 | 12 | സമിതിയുടെ സമ്മർദ്ദം കൊണ്ട് കേസ് രജിസ്റ്റർ ചെയ്തുവെങ്കിലും കേസ് ചാർജ് ചെയ്തതായി ഇതുവരെയും അറിയിച്ചിട്ടില്ല. 5-8-1995-ൽ കേസ് രജിസ്റ്റർ ചെയ്യേണ്ടതായ ഒരു പരാതി ലഭിച്ചിട്ടും അത് കുടുംബവഴക്കാണ്, നിസ്സാരമാണ് എന്ന നിഗമനത്തിൽ | **ആഭ്യന്തര വകുപ്പ്**<br>(4-8-2009-ലെ 66730/ഡി2/08/ആഭ്യ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)<br>കുറ്റകൃത്യങ്ങളെ ലാഘവത്തോടെ കാണുന്ന പ്രവണത ആവർത്തിക്കാതിരിക്കാനും, |

| | | |
|---|---|---|
| | യഥാസമയം നീതി ലഭ്യമാക്കാതിരുന്ന സമീപനം പോലീസ് ഉദ്യോഗസ്ഥൻമാരുടെ നിരുത്തരവാദപരമായ സമീപനത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. പോലീസ് സ്റ്റേഷനുകളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസ്സുകളെല്ലാം യഥാസമയം രജിസ്റ്റർ ചെയ്ത് പരാതിക്കാർക്ക് നീതി ഉറപ്പാക്കാൻ വേണ്ട സത്വരനടപടി സ്വീകരിക്കണമെന്നും ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 45) | സ്റ്റേഷനുകളിൽ ലഭിക്കുന്ന പരാതികളിന്മേൽ സത്വരനടപടി സ്വീകരിക്കാനും ആയതിന് വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകാൻ സമിതി ആവശ്യപ്പെട്ടിരുന്നതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച നിർദ്ദേശങ്ങൾ അടങ്ങിയ കത്ത് എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും പോലീസ് കമ്മീഷണർമാർക്കും അയച്ചു കൊടുത്തിട്ടുണ്ട് എന്ന് പോലീസ് ഡയറക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിരുന്ന വിവരം അറിയിച്ചു കൊള്ളുന്നു. പ്രസ്തുത നിർദ്ദേശത്തിൽ ജില്ലാ സൂപ്രണ്ടുമാർ അവരവരുടെ കീഴിലുള്ള എല്ലാ യൂണിറ്റുകളിലും ലഭിക്കുന്ന പരാതികളിന്മേൽ ഉടനടി നടപടി സ്വീകരിക്കാനും, അവയിന്മേൽ കുറ്റക്കാർക്ക് രക്ഷപ്പെടാനുള്ള എല്ലാ പഴുതുകളും അടച്ച് പരാതിക്കാരന് നിയമപരമായ എല്ലാ ആനുകൂല്യങ്ങളും അവകാശവും ഉറപ്പാക്കിക്കൊണ്ടുള്ള യുക്തവും, നിഷ്പക്ഷവുമായ അന്വേഷണം നടത്തുവാനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന പോലീസ് |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ഉദ്യോഗസ്ഥരുടെ പേരിൽ കർശനമായ നിയമ നടപടി സ്വീകരിക്കുന്നതാണെന്നും ഡയറക്ടർ ജനറൽ ഓഫ് പോലീസ് റിപ്പോർട്ട് ചെയ്തിരിക്കുന്നു.<br>(30-11-2010-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 15 | 13 | സ്ത്രീപീഡനം സംബന്ധിച്ച പരാതികളിന്മേലുള്ള അന്വേഷണത്തിൽ കാലതാമസം വരുത്തുന്നത് അതീവ ഗൗരവമർഹിക്കുന്ന വീഴ്ചയാണെന്നും ഇത്തരം വീഴ്ചകൾക്ക് ഉത്തരവാദികളായ പോലീസുദ്യോഗസ്ഥർക്കെതിരെ വെറും താക്കീതു നൽകലോ വാചകീയ അന്വേഷണമോ പോരെന്നും കുറ്റം ആവർത്തിക്കപ്പെടാതിരിക്കത്തക്ക വിധത്തിലുള്ള കർശനമായ നടപടികൾ സ്വീകരിക്കേണ്ടത് ആവശ്യമാണെന്നും സമിതി നിർദ്ദേശിക്കുന്നു.<br>(ഖണ്ഡിക 60) | **ആഭ്യന്തര വകുപ്പ്**<br>(24-12-2008-ലെ 66722/എച്ച് 3/99/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)<br>സ്ത്രീധന പീഡനം സംബന്ധിച്ചുള്ള പരാതികളിന്മേലുള്ള അന്വേഷണത്തിൽ കാലതാമസം വരുത്തുന്നത് അതീവ ഗുരുതരമായി കണക്കാക്കുന്നു. ഇത്തരം കൃത്യവിലോപം ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ കർശന ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.<br>(30-11-2010-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 16 | 14 | 9 മണിക്ക് ഉറങ്ങാൻകിടന്ന സ്ത്രീയുടെ മൃതദേഹം പിറ്റേ ദിവസം രാവിലെ കണ്ടെത്തിയതു സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിൽ രാത്രി 9 മണിക്കുശേഷവും രാവിലെ 6.30 മണിക്ക് ഇടയ്ക്കുമുള്ള ഏതോ സമയത്ത് മരണം സംഭവിക്കാം എന്നു പറയുന്നതിന് ഒരു ശാസ്ത്രീയ | **ആഭ്യന്തര വകുപ്പ്**<br>(11-8-2009-ലെ 50469/ജെ2/2005/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)<br>സമിതിയുടെ പ്രസ്തുത ശിപാർശയിന്മേൽ പാലക്കാട് ജില്ലാ പോലീസ് സൂപ്രണ്ടിന്റെ |

| | | | |
|---|---|---|---|
| | | അന്വേഷണം വേണമെന്ന് സമിതി കരുതുന്നില്ല. ഈ കേസിന്റെ സാഹചര്യംവച്ച് പരിശോധിച്ചതിൽ പീഡനമുണ്ടായിട്ടുള്ളതായി കാണുന്നു. അതിനാൽ കേസ് അടിയന്തരമായി പുനരന്വേഷണത്തിന് വിധേയമാക്കണമെന്നും റിപ്പോർട്ട് എത്രയും പെട്ടെന്ന് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ആവശ്യപ്പെടുന്നു.<br>(ഖണ്ഡിക 64) | റിപ്പോർട്ട് വാങ്ങി പരിശോധിച്ചതിൽ ക്രൈം 23/95-ന്റെ പുനരന്വേഷണം പാലക്കാട് ക്രൈം ഡിറ്റാച്ച്മെന്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് നടത്തിയതായും പരാതിക്കാരൻ നാരായണന്റെ ഭാര്യ ലക്ഷ്മി മനോവിഷമം കാരണം കുളത്തിൽ ചാടി ആത്മഹത്യ ചെയ്തതായി വെളിവായതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കേസ് 'Suicide due to drowning' ആയി കണക്കാക്കി ഒറ്റപ്പാലം സബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെ തീർച്ച റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായും കാണുന്നു എന്ന് പോലീസ് ഡയറക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു.<br>(30-2-2010-ലെ യോഗത്തിൽ റിപ്പോർട്ട് അംഗീകരിച്ചു.) |
| 17 | 15 | സമിതി റിപ്പോർട്ടിനായി ഗവൺമെന്റിലേക്കയക്കുന്ന ഹർജികൾ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കുന്ന നടപടികൾ അപ്പപ്പോൾ തന്നെ സമിതിയെ അറിയിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും അനാരോഗ്യകരമായ ഇത്തരം സമീപനം ആവർത്തിക്കപ്പെടാതിരിക്കുവാൻ ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു.<br>(ഖണ്ഡിക 66) | **ആഭ്യന്തര വകുപ്പ്**<br>(11-8-2009-ലെ 50469/ജെ2/2005/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)<br>ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന നിയമസഭാ പരാതികളിന്മേൽ 15 ദിവസങ്ങൾക്കുള്ളിൽ അന്വേഷണം നടത്തി റിപ്പോർട്ടുകൾ സമർപ്പിക്കുവാൻ അന്വേഷണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാറുണ്ട്. ഇവ കർശനമായി |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | പാലിക്കുന്നതിനും റിപ്പോർട്ടുകൾ സമർപ്പിക്കുന്ന കാര്യത്തിൽ കാലതാമസം ഒഴിവാക്കുന്നതിനും സജീവശ്രദ്ധ നൽകുന്നതാണ് എന്ന് പോലീസ് ഡയറക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു. (30-2-2010-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 18 | | തുമ്പ പോലീസ് സ്റ്റേഷനിലെ എസ്.ഐ.യും പോലീസുകാരായ യേശുദാസ്, ഉണ്ണികൃഷ്ണൻ, കൃഷ്ണൻകുട്ടി, സുരേന്ദ്രനാഥ് എന്നിവർ ചേർന്ന് പരാതിക്കാരിയെ ദേഹോപദ്രവം ഏൽപ്പിച്ചുവെന്ന് പരാതിയിൽ പറഞ്ഞിരിക്കുന്നത് സാഹചര്യ തെളിവുകളുടെ അടിസ്ഥാനത്തിൽ ശരിയാണെന്ന് അനുമാനിക്കേണ്ടി യിരിക്കുന്നുവെന്നും കുറ്റക്കാരായ ഉദ്യോഗസ്ഥരെ സ്ഥലംമാറ്റിയെന്നും ശിക്ഷണ നടപടികൾക്കായി ഒരു വാചകീയാന്വേഷണം നടത്തുന്നതിന് 5-7-1994-ലെ എച്ച്.2/320/33/94/ടി.സി. ഉത്തരവിൻ പ്രകാരം ശംഖുംമുഖം അസിസ്റ്റന്റ് കമ്മീഷണറെ ഉത്തരവാദപ്പെടുത്തിയിട്ടുണ്ട് എന്നും അറിയിച്ചു. | **ആഭ്യന്തര വകുപ്പ്** (8-4-1999-ലെ 47453/പി.എസ്./97/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭിച്ചത്) തുമ്പ പോലീസ് സ്റ്റേഷൻ എസ്.ഐ.യും പോലീസുകാരും പരാതിക്കാരിയെയും മറ്റും ദേഹോപദ്രവമേൽപ്പിച്ചതു സംബന്ധിച്ച് കുറ്റക്കാരെന്നു പറഞ്ഞിരുന്ന അന്നത്തെ എസ്. ഐ. സുരേഷ്കുമാർ, പി.സി.മാരായ ഉണ്ണികൃഷ്ണൻ, സുരേന്ദ്രനാഥ്, കൃഷ്ണൻകുട്ടി, യേശുദാസ് എന്നിവരുടെ പേരിൽ വാച്യാന്വേഷണം നടത്തിയതിൽ അവർ കുറ്റക്കാരല്ലെന്നു കാണുകയാൽ കുറ്റവിമുക്തരാക്കി ഉത്തരവായിട്ടുണ്ട്. മേലിൽ ഇത്തരം നടപടികൾ |

| | | | |
|---|---|---|---|
| | | | ഉണ്ടാകാതിരിക്കാനും വേണ്ടനിർദ്ദേശം നൽകിയിട്ടുണ്ട്. നിയമസഭാ സമിതിക്ക് സമർപ്പിക്കുന്ന പരാതികളിൽ വ്യക്തവും വിശദവുമായി അന്വേഷണ റിപ്പോർട്ടാണ് നൽകിവരുന്നതെന്നും ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കുവാൻ പോലീസുദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഉത്തരമേഖലാ, ദക്ഷിണമേഖലാ പോലീസ് ഇൻസ്പെക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഉത്തരമേഖല, ദക്ഷിണമേഖലാ പോലീസ് ഇൻസ്പെക്ടർ ജനറൽമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 19 | 16 | പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടാകുന്ന ഇത്തരം പ്രവൃത്തി ഗൗരവസ്വഭാവമുള്ളതായതിനാൽ ഇത് സാധാരണരീതിയിൽ കൈകാര്യം ചെയ്താൽ പോരെന്നും അധികാരവും ഔദ്യോഗിക പദവിയും ഉപയോഗിച്ച് ഈ തരത്തിലുള്ള ഗുരുതരമായ തെറ്റ് ചെയ്ത ഉദ്യോഗസ്ഥർക്ക് അർഹമായ ശിക്ഷ നൽകണമെന്നും ഇത്തരം കുറ്റകൃത്യങ്ങൾ പ്രത്യേകിച്ച് സ്ത്രീകളോട് ആവർത്തിക്കപ്പെടാതിരിക്കുവാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശക്തമായി ആവശ്യപ്പെടുന്നു. | രാസപരിശോധനയ്ക്ക് കാലതാമസം നേരിട്ടതിലാണ് ഹർജിക്കാരിയുടെ മകൾ മരിച്ചത് വിഷം കഴിച്ചതാണ് എന്ന് വ്യക്തമാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായത്. രാസപരിശോധന റിപ്പോർട്ടുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 20 | 17 | ഗവൺമെന്റ് പലപ്പോഴും അടിസ്ഥാന രഹിതമായ നിഗമനങ്ങളും ഊഹാപോഹങ്ങളും ഉൾപ്പെടുത്തി അവ്യക്തമായ റിപ്പോർട്ടുകൾ സമിതിക്കു നൽകാറുണ്ട്. ഇത് ആവർത്തിക്കുവാൻ പാടില്ലെന്നും സമിതിക്ക് നൽകുന്ന റിപ്പോർട്ടുകൾ സത്യസന്ധമായ അന്വേഷണത്തിൽനിന്ന് വെളിവായ വസ്തുതകൾ ഉൾക്കൊള്ളിച്ചതാവണമെന്നും സമിതി നിർദ്ദേശിക്കുന്നു.<br>(ഖണ്ഡിക 70, 71, 72) | രാസപരിശോധന റിപ്പോർട്ട് നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കാത്തതു കാരണം പല കേസുകളും ചാർജ്ജ് ചെയ്ത് അനന്തര നടപടികൾ സ്വീകരിക്കുന്നതിന് കാലതാമസമുണ്ടായതായി സമിതിക്ക് ബോദ്ധ്യമായിട്ടുണ്ട്. രാസപരിശോധനയ്ക്ക് ധാരാളം സാമ്പിളുകൾ എത്തുന്ന സാഹചര്യത്തിൽ നിലവിലുള്ള മൂന്ന് ലബോറട്ടറികൾ അപര്യാപ്തമാണെന്ന വസ്തുത പരിഗണിച്ച് ഒരു കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറികൂടി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും നിലവിലുള്ള മൂന്ന് ലബോറട്ടറികളിലും ആവശ്യമായ സ്റ്റാഫിനെ നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 21 | 18 | രാസപരിശോധനയ്ക്ക് കാലതാമസം നേരിട്ടതിലാണ് ഹർജിക്കാരിയുടെ മകൾ മരിച്ചത് വിഷം കഴിച്ചതാണ് എന്ന് വ്യക്തമാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായത്. രാസപരിശോധന റിപ്പോർട്ടുകൾ നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **ആഭ്യന്തര വകുപ്പ്**<br>(1-1-2005-ലെ 55471/24/1997/ആഭ്യന്തരം നമ്പർ കത്ത് മുഖേന)<br>കണ്ണൂർ ജില്ലയിൽ ലബോറട്ടറി സ്ഥാപിക്കാനുള്ള നടപടി ഏതുവരെയായെന്ന് ആരായുവാനും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി |

| | | | |
|---|---|---|---|
| 22 | 19 | രാസപരിശോധന റിപ്പോർട്ട് നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കാത്തതു കാരണം പല കേസുകളും ചാർജ്ജ് ചെയ്ത് അനന്തര നടപടികൾ സ്വീകരിക്കുന്നതിന് കാലതാമസമുണ്ടാകുന്നതായി സമിതിക്ക് ബോദ്ധ്യമായിട്ടുണ്ട്. രാസപരിശോധനയ്ക്ക് ധാരാളം സാമ്പിളുകൾ എത്തുന്ന സാഹചര്യത്തിൽ നിലവിലുള്ള മൂന്ന് ലബോറട്ടറികൾ അപര്യാപ്തമാണെന്ന വസ്തുത പരിഗണിച്ച് ഒരു കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറികൂടി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും നിലവിലുള്ള മൂന്ന് ലബോറട്ടറികളിലും ആവശ്യമായ സ്റ്റാഫിനെ നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 88, 89) | മെച്ചപ്പെട്ടതിനാൽ ഇക്കാര്യം സജീവമായി പരിഗണിക്കണമെന്നും ഗവൺമെന്റിനോട് ശിപാർശ ചെയ്യുവാനും ലബോറട്ടറികൾ സ്ഥാപിക്കുവാനും തീരുമാനിച്ചു. (പിന്നീട് തസ്തികകൾ സൃഷ്ടിക്കുന്നതടക്കമുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചതിൽ സമിതി സന്തുഷ്ടി രേഖപ്പെടുത്തുകയും ആയത് റിപ്പോർട്ടിൽ ഉൾപ്പെടുത്തുമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അത് ഉൾപ്പെടുത്തണം). |

| 1 | 2 | 3 | 4 |
|---|---|---|---|
| 23 | 20 | യാതൊരു സാഹചര്യത്തിലും മരണം ആത്മഹത്യയായിരിക്കാമെന്ന് നിഗമനത്തിൽ അന്വേഷണം നടത്തരുതെന്നും സത്യസന്ധമായ അന്വേഷണം നടത്തി യഥാസമയംതന്നെ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ആവർത്തിച്ചാവശ്യപ്പെടുന്നു.<br>(ഖണ്ഡിക 103) | **ആഭ്യന്തര വകുപ്പ്**<br>(1-1-2005-ലെ ആഭ്യന്തര (ഇ) വകുപ്പിന്റെ 55471/ഇ 4/1997/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)<br>കോഴിക്കോട് സ്വദേശിനി ഇന്ദിര ഭർത്താവ് മോഹനനും കുട്ടികളുമൊത്ത് ഭർത്താവിന്റെ വീട്ടിൽ നല്ലരീതിയിൽ ജീവിച്ചുവന്നിരുന്നതാണെന്നും 18-3-1994-ൽ പെട്ടെന്നുണ്ടായ ഏതോ മനോവിഷമത്താൽ ഇന്ദിര തൂങ്ങിമരിച്ചതാണെന്നും മോഹനന്റെ സഹോദരൻ സുരേഷിന്റെ മൊഴി പ്രകാരം പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 27/94 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതിൽ ഇന്ദിര ആത്മഹത്യ ചെയ്തതാണെന്ന് വെളിവായതിന്റെ അടിസ്ഥാനത്തിൽ 11-7-1994-ൽ അന്തിമ റിപ്പോർട്ട് ബഹു. കോടതിക്ക് സമർപ്പിച്ചിരുന്നതാണെന്നും എന്നാൽ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പേരാമ്പ്ര സർക്കിൾ ഇൻസ്പെക്ടർ |

| | | |
|---|---|---|
| | | മുഖാന്തിരം കേസിൽ തുടരന്വേഷണം നടത്തുകയുണ്ടായിയെന്നും തുടരന്വേഷണത്തിൽ ഇന്ദിരയുടെ മക്കൾ ഭർത്താവ് മോഹനന്റെ വീട്ടിൽ സുഖമായി കഴിഞ്ഞുവരികയാണെന്നും ഇന്ദിരയുടെ വീട്ടുകാരും ഭർത്താവ് മോഹനന്റെ വീട്ടുകാരും വളരെ സ്നേഹത്തിലാണ് ഇപ്പോൾ കഴിഞ്ഞു വരുന്നതെന്ന് വ്യക്തമായിട്ടുണ്ടെന്നും വളരെ ഓമനിച്ചുവളർത്തിയ മകൾ ആത്മഹത്യ ചെയ്തതിലുണ്ടായ മനോവിഷമം കാരണമാണ് പരാതിക്കാരി ഇത്തരത്തിൽ പരാതി നൽകിയെന്നും ഇന്ദിരയുടെ മരണത്തിൽ തങ്ങൾക്ക് യാതൊരു സംശയങ്ങളുമില്ലെന്ന് പരാതിക്കാരിയും ഇന്ദിരയുടെ മക്കളും മൊഴി നൽകിയിട്ടുണ്ടെന്നും പോലീസ് ഡയറക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ നിന്നും ഇന്ദിരയുടെ മരണകാര്യത്തിലുള്ള അന്വേഷണം സത്യസന്ധമായിട്ടാണ് നടന്നിട്ടുള്ളതെന്ന് വ്യക്തമാകുന്നുണ്ട്.<br>(30-11-2010-ലെ യോഗത്തിൽ അംഗീകരിച്ചു.) |

| 1 | 2 | 3 | 4 |
|---|---|---|---|
| 24 | 21 | സംസ്ഥാനത്ത് പോലീസ് സേനയിലേക്ക് പോലീസ് കോൺസ്റ്റബിൾമാരായി മാത്രമേ വനിതകളെ നിയമിക്കുന്നുള്ളൂ. വിദ്യാഭ്യാസയോഗ്യതയുള്ളവരും സേവനസന്നദ്ധതയുള്ള ധാരാളം സ്ത്രീകളുള്ള സാഹചര്യത്തിൽ <u>എസ്.ഐ. പോലെയുള്ള ഉയർന്ന തസ്തികകളിൽ സ്ത്രീകളെ നേരിട്ട് നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u><br>(ഖണ്ഡിക 121) | **ആഭ്യന്തര വകുപ്പ്**<br>(21-7-2006-ലെ 61470/കെ2/05/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)<br>വനിതകളെ സബ് ഇൻസ്പെക്ടർ തസ്തികയിലേക്ക് നേരിട്ട് നിയമനം നടത്തുന്നതിന് ആവശ്യമായ പ്രൊപ്പോസലുകളൊന്നും പരിഗണനയിലില്ല. നിലവിൽ യോഗ്യരായ വനിതാ ഹെഡ് കോൺസ്റ്റബിൾമാരിൽ നിന്നും പ്രൊമോഷൻ വഴിയാണ് വനിതാ പോലീസ് സബ് ഇൻസ്പെക്ടർമാരെ നിയമിക്കുന്നത്.<br><br><u>സമിതി ആവശ്യപ്പെട്ട അധികവിവരം</u><br>എസ്.ഐ. പോലുള്ള ഉയർന്ന തസ്തികകളിൽ പുരുഷൻമാരെപ്പോലെ സ്ത്രീകൾക്കും നിശ്ചിത ശതമാനം നേരിട്ടുള്ള നിയമനം നൽകണമെന്ന് ശിപാർശ ചെയ്യുന്നതിനും എല്ലാ വനിതാ സെല്ലിനോടുമനുബന്ധിച്ച് കൗൺസിലിംഗ് സെന്റർ കൂടി ഉണ്ടാക്കണമെന്നും വനിതാ സെല്ലിലെ സബ് ഇൻസ്പെക്ടർമാർക്ക് വാഹന സൗകര്യം, ടെലിഫോൺ സൗകര്യം എന്നിവ നൽകണമെന്നും സമിതി നിർദ്ദേശിക്കുകയുണ്ടായി. |

| | | |
|---|---|---|
| | | **ആഭ്യന്തര വകുപ്പ്**<br>(17-1-2012-ലെ 9912/കെ2/08/ആഭ്യന്തരം നമ്പർ കത്ത് മുഖേന)<br>സംസ്ഥാന പോലീസ് സേനയിൽ വനിതാ എസ്.ഐ.മാരെ നേരിട്ട് നിയമിക്കുന്നതിന് 25-5-2009-ലെ ജി.ഒ.(പി) 65/2009/ഹോം പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ തിരുവനന്തപുരത്തെ സംസ്ഥാന വനിതാ സെല്ലിലും എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട് റൂറൽ, കണ്ണൂർ എന്നീ വനിതാ സെല്ലുകളിലും കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. മറ്റ് ജില്ലകളിൽ പുറമെ നിന്നുള്ള കൗൺസിലർമാരുടെ സഹായത്താൽ വനിതാ സെല്ലിൽ കൗൺസിലിംഗ് നടത്തുന്നുണ്ട്. തിരുവനന്തപുരത്തെ സംസ്ഥാന വനിതാ സെല്ലിലും കൊച്ചി, ആലുവ, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി, കോഴിക്കോട് റൂറൽ വനിതാ സെല്ലുകളിൽ ടെലിഫോൺ സൗകര്യം ലഭ്യമാണ്. കൂടാതെ എല്ലാ വനിതാ സെല്ലുകളിലും വനിതാ സി.ഐ.മാർക്ക് സർക്കാർ വക മൊബൈൽ ഫോണും നൽകിയിട്ടുണ്ട്. കേരളത്തിലെ എല്ലാ വനിതാ സെല്ലുകളിലും ജീപ്പുകളും കൈനറ്റിക് ഹോണ്ട സ്കൂട്ടറും നൽകിയിട്ടുണ്ട്. |

| 1 | 2 | 3 | 4 |
|---|---|---|---|
| 25 | 22 | കേന്ദ്ര ഗവൺമെന്റ് മുഖേന വിദേശരാജ്യങ്ങളിലെ ഇൻഡ്യൻ എംബസികളുടെ സഹായം ലഭ്യമാക്കി കുറ്റവാളികളെ കണ്ടുപിടിക്കുന്നതിനും വിദേശങ്ങളിൽ കുടുങ്ങിപ്പോയവരെ എത്രയും പെട്ടെന്ന് നാട്ടിൽ തിരിച്ചെത്തിക്കുന്നതിനും നടപടി സ്വീകരിക്കാനുമായി പോലീസ് ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ പ്രത്യേക സെൽ രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അയൽസംസ്ഥാനങ്ങളിലെ മത്സ്യസംസ്കരണ ഫാക്ടറികളിൽ (ഗോവ, ബോംബെ മുതലായ സ്ഥലങ്ങളിൽ പ്രത്യേകിച്ച്) ജോലി വാഗ്ദാനം ചെയ്ത് യുവതികളെ കൊണ്ടുപോയി പീഡിപ്പിക്കുന്നതായി, സമിതിക്ക് പരാതികൾ ലഭിക്കുന്നുണ്ട്. പ്രസ്തുത പരാതികളുടെ അന്വേഷണ ചുമതലയും മേൽപ്പറഞ്ഞ സെല്ലിനെ ഏൽപ്പിക്കേണ്ടതാണ്. കൂടാതെ സ്ത്രീകളെ സംഘങ്ങളായി കേരളത്തിനു പുറത്തുള്ള കമ്പനികളിൽ ജോലികൾക്കായി കൊണ്ടുപോയശേഷം ഇവരെ മറ്റ് അനാശാസ്യ പ്രവർത്തനങ്ങൾക്കായി പ്രേരിപ്പിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ആകയാൽ സ്ത്രീകളെ സംഘങ്ങളായി കേരളത്തിന് പുറത്തുകൊണ്ടുപോകുന്നത് അതത് ജില്ലാ | **ആഭ്യന്തര വകുപ്പ്**<br>[20-1-2012-ലെ ആഭ്യന്തര (എം) വകുപ്പിന്റെ 73805/എം2/2009/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭിച്ചത്]<br>വിദേശരാജ്യങ്ങളിലുള്ള കുറ്റവാളികളെ കണ്ടുപിടിക്കാൻ ക്രൈം ബ്രാഞ്ച് മുഖേന ഇന്റർപോളിന്റെ സഹായത്തോടുകൂടി നടപ്പാക്കിയിട്ടുള്ള സംവിധാനം സംസ്ഥാനത്ത് ഇപ്പോൾ നിലവിലുണ്ട്. അതുപോലെ തൊഴിൽ തേടി വിദേശരാജ്യങ്ങളിൽ പോയശേഷം കുടുങ്ങിപ്പോയവരെ തിരികെ നാട്ടിലെത്തിക്കാൻ തിരുവനന്തപുരം ആസ്ഥാനമായി രൂപീകരിച്ചിട്ടുള്ള എൻ.ആർ.ഐ. സെല്ലിന്റെ പ്രവർത്തനം വർഷങ്ങളായി നിലവിലുള്ളതാണ്. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന മത്സ്യസംസ്കരണ ഫാക്ടറികളിൽ കേരളത്തിൽ നിന്നുള്ള യുവതികളെ ജോലി വാഗ്ദാനം ചെയ്ത് കൊണ്ടുപോയശേഷം ലൈംഗികമായി പീഡിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പരാതികൾ |

| | | |
|---|---|---|
| | കളക്ടറുടെ അറിവോടുകൂടി ആയിരിക്കണം എന്നുള്ള നിർദ്ദേശം സർക്കാർ നൽകണമെന്ന് സമിതി ആവശ്യപ്പെടുന്നു. (ഖണ്ഡിക 124) | ലഭിച്ചാൽ ക്രൈം ബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതാണ്. ആയതിനാൽ മേൽ കാര്യങ്ങൾക്കായി ഒരു പ്രത്യേക സെൽ രൂപീകരിക്കേണ്ട ആവശ്യമില്ല. സ്ത്രീകളെ സംഘങ്ങളായി കേരളത്തിന് പുറത്തുള്ള കമ്പനികളിൽ ജോലിക്ക് കൊണ്ടുപോകുന്നത് ബന്ധപ്പെട്ട ജില്ലാ കളക്ടറുടെ അറിവോടുകൂടി ആയിരിക്കണം എന്നുള്ള ശിപാർശയിന്മേൽ തൊഴിൽ വകുപ്പ് നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>(14-12-2011-ലെ യോഗത്തിൽ റിപ്പോർട്ട് അംഗീകരിച്ചു.)<br>**തൊഴിലും പുനരധിവാസവും വകുപ്പ്**<br>(24-2-2011-ലെ 27163/ഇ 3/2010/തൊഴിൽ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)<br>സ്ത്രീകളെ സംഘങ്ങളായി കേരളത്തിന് വെളിയിൽ ജോലിക്കായി കൊണ്ടുപോകുകയാണെങ്കിൽ ആ വിവരം ഇപ്രകാരം കൊണ്ടുപോകുന്ന ഏജൻസി/വ്യക്തി ബന്ധപ്പെട്ട ജില്ലാ ലേബർ ഓഫീസറെ മുൻകൂട്ടി അറിയിക്കേണ്ടതും ജില്ലാ ലേബർ ഓഫീസർ ടി വിവരം ജില്ലാ കളക്ടർക്ക് |

| 1 | 2 | 3 | 4 |
| --- | --- | --- | --- |
| | | | റിപ്പോർട്ട് ചെയ്യേണ്ടതുമാണെന്ന് ഗവൺമെന്റ് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു-അനുബന്ധം IV).<br>(11-12-2012-ലെ യോഗത്തിൽ പരിഗണിച്ചു.)<br>പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച സമിതി വിദേശ രാജ്യങ്ങളിൽ എംപ്ലോയ്മെന്റ് വിസയിൽ ജോലിക്ക് പോകുന്നവർ അക്കാര്യം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറേയോ ജില്ലാ കളക്ടറേയോ അറിയിക്കേണ്ടതാണെന്ന നിബന്ധന വയ്ക്കണമെന്ന് തൊഴിൽ വകുപ്പിനോട് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.<br>തൊഴിലും നൈപുണ്യവും (ജി) വകുപ്പിന്റെ 1-10-2014-ലെ PF No. 20043/ജി 2/2013/ തൊഴിൽ നമ്പർ കത്ത് മുഖേന നൽകിയ മറുപടിയിൽ നിയമസഭാ സമിതിയുടെ റിപ്പോർട്ടിന്മേലുള്ള ശിപാർശ പരിശോധിക്കുന്നതിനായി നോർക്ക വകുപ്പിന്റെ അഭിപ്രായം ആരായുന്നതിലേക്ക് ഫയൽ 19-10-2013-ൽ പ്രസ്തുത വകുപ്പിന് കൈമാറിയിട്ടുണ്ടെങ്കിലും അഭിപ്രായം ലഭ്യമാക്കിയാലുടൻ തന്നെ സമിതിക്ക് മറുപടി നൽകുന്നതാണെന്നും അറിയിച്ചു. ആയത് നാളിതുവരെ ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| 26 | 23 | മലപ്പുറം ജില്ലയിൽ മൈമുന, റഷീദ എന്നീ രണ്ട് സ്ത്രീകൾ "എയിഡ്സ്" രോഗികളാണെന്നുള്ള നിഗമനത്തിൽ ബലാൽക്കാരമായി തടഞ്ഞുവച്ച് തല മുണ്ഡനം ചെയ്തതായി സമിതിക്ക് കോഴിക്കോട് അന്വേഷി വിമൻസ് കൗൺസിലിംഗ് സെന്ററിനും കേരള സ്ത്രീ വേദിക്കും വേണ്ടി സമർപ്പിച്ച പരാതിയിൽ പറഞ്ഞിരുന്നു. ഈ സാഹചര്യം സംജാതമാകുന്നതിനുള്ള പ്രധാന കാരണം എയിഡ്സ് രോഗത്തെക്കുറിച്ചുള്ള ഭീതിയും ഇത് പകരുന്നതിനുള്ള സാദ്ധ്യതകളെ സംബന്ധിച്ച അജ്ഞതയുമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഇതുപോലുള്ള സംഭവങ്ങൾ ഒഴിവാക്കുന്നതിനായി എയിഡ്സ് പോലുള്ള മാരക രോഗങ്ങളെക്കുറിച്ചും അവയുള്ള നിവാരണ പരിഹാര മാർഗ്ഗങ്ങൾ സംബന്ധിച്ചും സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും അറിവ് നൽകത്തക്ക വിധത്തിലുള്ള ബോധവൽക്കരണ പരിപാടി ആസൂത്രണം ചെയ്ത് ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കണമെന്നും ഇതിനായി വർത്തമാനപത്രങ്ങൾ, ടി.വി., റേഡിയോ തുടങ്ങിയ മാധ്യമങ്ങൾ ഉപയോഗപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.<br>(ഖണ്ഡിക 125) | **ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്**<br>(12-1-2004-ലെ 2821/എഫ്.ഡബ്ല്യു.2/2003/ ആ.കു.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)<br>"യൗവന മംഗളമേള" എന്ന പേരിൽ 2002 നവംബർ മാസത്തിൽ സംസ്ഥാനം ഒട്ടാകെ നടത്തിയ പരിപാടിയിൽ 15-49 വയസ്സിൽപ്പെട്ട സ്ത്രീ പുരുഷൻമാരുടെ ജനനേന്ദ്രിയ ലൈംഗിക രോഗങ്ങൾ ചികിത്സിക്കാൻ വേണ്ട സംവിധാനം ഒരുക്കിയിരുന്നു. സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും (പി.എച്ച്.സി., സി.എച്ച്.സി.) ഈ പ്രോഗ്രാമുകൾ സംഘടിപ്പിക്കപ്പെട്ടു. സംസ്ഥാന ആരോഗ്യ വകുപ്പിലെ ഡോക്ടർമാരുടെയും മറ്റ് ആരോഗ്യപ്രവർത്തകരുടെയും സേവനമാണ് ഇതിനുവേണ്ടി ഉപയോഗപ്പെടുത്തിയത്.<br>ആരോഗ്യമേഖലയിൽ അവഗണിക്കാനാവാത്ത സ്ഥാനമാണ് ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുള്ളത്. കേരളത്തിലെ എയ്ഡ്സ് ബോധവൽക്കരണ പ്രവർത്തനങ്ങൾ പ്രധാനമായും ബഹുജന മാധ്യമങ്ങളെ കേന്ദ്രീകരിച്ചാണ് |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | നടത്തുന്നത്. ഇതു കൂടാതെ ബോധവൽക്കരണ ക്ലാസ്സുകൾ വഴിയും, നാടൻ കലാരൂപങ്ങൾ വഴിയും പൊതുജനങ്ങളിൽ എയ്ഡ്സിനെക്കുറിച്ച് അവബോധം ഉണ്ടാക്കുവാൻ ശ്രമിച്ചുവരുന്നു.<br>കേരള സംസ്ഥാന സാക്ഷരതാ മിഷനുമായി ചേർന്ന് 'എയ്ഡ്സ് ബോധനം ഗ്രാമങ്ങളിലേക്ക്' എന്ന പരിപാടി സംസ്ഥാനത്തെ 100 ഗ്രാമപഞ്ചായത്തുകളിലും 2003-ൽ നടത്തുകയുണ്ടായി. ഈ പരിപാടി എല്ലാ ഗ്രാമപഞ്ചയത്തുകളിലും നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.<br>കേരള ലളിതകലാ അക്കാഡമിയുമായി സഹകരിച്ച് 'ബ്രഷ് ഔട്ട് എയ്ഡ്സ് ' എന്ന പേരിൽ ഒരു പെയിന്റിംഗ് ക്യാമ്പ് എറണാകുളത്ത് സംഘടിപ്പിച്ചു.<br>കോഴിക്കോട് പ്രസ് ക്ലബ്ബുമായി ചേർന്ന് മാധ്യമ പ്രവർത്തകർക്കായി ഒരു മാധ്യമ ശില്പശാല സംഘടിപ്പിച്ചു. എയ്ഡ്സിനെക്കുറിച്ച് കൂടുതൽ വാർത്തകളും ലേഖനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി 'റെഡ് റിബൺ മീഡിയ' അവാർഡ് എന്ന പേരിൽ പതിനായിരം രൂപ വീതമുള്ള |

| | | |
|---|---|---|
| | | 4 അവാർഡുകൾ കേരളാ സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി 2003-ൽ ആരംഭിച്ചിട്ടുണ്ട്.<br>കൗമാരക്കാർക്കായി സംസ്ഥാന വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് കുടുംബ ജീവിത വിദ്യാഭ്യാസം എന്ന പേരിൽ ഒരു പരിപാടി എയ്ഡ്സ് കൺട്രോൾ സൊസൈറ്റി സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 9,11 ക്ലാസ്സുകളിലെ കുട്ടികൾക്കായി നടത്തിവരുന്നു. 300-ൽപ്പരം പരിശീലനം സിദ്ധിച്ച ആളുകളാണ് നയിക്കുന്നത്. കൗമാരക്കാരുടെ ശാരീരിക, മാനസിക മാറ്റങ്ങൾ, ലൈംഗിക ആരോഗ്യം തുടങ്ങിയ വിഷയങ്ങളാണ് ക്ലാസ്സുകളിൽ പ്രതിപാദിക്കുന്നത്.<br>കേരളത്തിൽ ഇത്തരം ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഫലമായി 97 ശതമാനം ആളുകൾക്കും എയ്ഡ്സിനെക്കുറിച്ച് സാമാന്യ ബോധം ഉണ്ട് എന്ന് പഠനങ്ങൾ തെളിയിക്കുന്നു. എന്നാൽ സമീപകാല സംഭവങ്ങളുടെ വെളിച്ചത്തിൽ എയ്ഡ്സ് ബാധിതരോടുള്ള വിവേചനം മാറ്റുവാൻ മാധ്യമങ്ങളിലൂടെയും പഞ്ചായത്തുകളിലൂടെയും പരിപാടികൾ ആവിഷ്കരിച്ചുവരുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 27 | 24 | പീഡനത്തിന് വിധേയരാകുന്ന സ്ത്രീകളെ സ്വീകരിക്കുവാൻ സ്വന്തം ആൾക്കാർ പോലും തയ്യാറാകാത്തതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ളവർക്ക് താമസസൗകര്യം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്ത് ഷോർട്ട് സ്റ്റേ ഹോമുകൾ ജില്ലകൾ തോറും ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>(ഖണ്ഡിക 126) | **സാമൂഹ്യനീതി വകുപ്പ്**<br>(18-1-2002-ലെ 6753/ബി3/1997/സാക്ഷേവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)<br>അവിവാഹിതരായ അമ്മമാരുടെയും കുട്ടികളുടെയും ക്ഷേമവും പുനരധിവാസവും സംബന്ധിച്ച് പട്ടികവർഗ്ഗ വികസന വകുപ്പിൽ തുകയൊന്നും നീക്കി വച്ചിട്ടില്ലാത്തതിനാൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിനായി 9-ാം പദ്ധതിയിലേക്ക് സമർപ്പിച്ച പ്രൊപ്പോസൽ പ്ലാനിംഗ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു. എന്നാൽ പ്ലാനിംഗ് ബോർഡിൽ നിന്നും അംഗീകാരം ലഭിക്കുകയുണ്ടായില്ല.<br>പീഡനത്തിന് വിധേയരാകുന്ന സ്ത്രീകൾക്കായി സംസ്ഥാനത്ത് സർക്കാർ ആഭിമുഖ്യത്തിലുള്ള ആദ്യത്തെ ഷോർട്ട് സ്റ്റേ ഹോം ജി. ഒ. (ആർറ്റി.) നമ്പർ 179/97/സാ.ക്ഷേമ വകുപ്പ് തീയതി 14-8-1997 പ്രകാരം കോഴിക്കോട് ജില്ലയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ സന്നദ്ധ സംഘടനകൾ നടത്തുന്ന പതിനൊന്നോളം ഷോർട്ട് സ്റ്റേ ഹോമുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.<br>(4-10-2002-ലെ യോഗം റിപ്പോർട്ട് അംഗീകരിച്ചു.) |

| | | | |
|---|---|---|---|
| 28 | 25 | സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന റെസ്ക്യൂ ഹോമുകളിൽ അനാഥരും അശരണരുമായ സ്ത്രീകളെ കോടതി വഴിയും പോലീസ് മുഖാന്തിരവും പ്രവേശിപ്പിക്കാറുണ്ട്. സമിതി 21-11-1996-ന് മലപ്പുറം ജില്ല സന്ദർശിച്ചപ്പോൾ തവനൂർ റെസ്ക്യൂ ഹോമിലെ ബുദ്ധിമുട്ടുകളെക്കുറിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരിൽ നിന്നും മനസ്സിലാക്കുകയുണ്ടായി. ഇവിടുത്തെ ഒരു അന്തേവാസിക്ക് മരുന്നിനും വസ്ത്രങ്ങൾക്കുമായി ഒരു വർഷം 200 രൂപയാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്. ഇവരിൽ പലരും അന്ധരും മാനസിക രോഗികളും അതുപോലെ സ്ഥിരമായി മരുന്നുകളെ ആശ്രയിച്ച ജീവിക്കുന്നവരുമാണ്. ഇവരുടെ ഒരു മാസത്തെ മരുന്നിനുപോലും ഈ തുക അപര്യാപ്തമാണ്. ഇവിടെ പ്രവേശിപ്പിക്കപ്പെടുന്നവരിൽ പലരും ഗർഭിണികളുമായിരിക്കും. അവരുടെ പ്രസവ സംബന്ധമായും അതുപോലെ മറ്റു ചില അടിയന്തര ഘട്ടങ്ങളിലും സ്വകാര്യ വാഹനങ്ങൾ വിളിച്ച് പ്രാഥമികാരോഗ്യ കേന്ദ്രം, താലൂക്ക് ആശുപത്രി, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ കൊണ്ടുപോകേണ്ടതായി വരുന്ന അവസരങ്ങളിൽ പണത്തിന്റെ അപര്യാപ്തതമൂലം ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി സമിതിക്ക് ബോദ്ധ്യമായി. | **സാമൂഹ്യനീതി വകുപ്പ്**<br>(29-12-2002-ലെ 10678/ബി3/2003/സാക്ഷേവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)<br>സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ തവനൂർ, ആലപ്പുഴ എന്നിവടങ്ങളിലുള്ള റെസ്ക്യൂ ഹോമുകളിലെ ഓരോ അന്തേവാസിക്കും മരുന്നിനും വസ്ത്രങ്ങൾക്കുമായി പ്രതിവർഷം 200 രൂപയാണ് അനുവദിച്ചിരുന്നത്. സമിതിയുടെ ശിപാർശ കണക്കിലെടുത്ത് ഇത് പ്രതിവർഷം 500 രൂപ ആയി വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.<br>(23-3-2006-ലെ യോഗത്തിൽ അംഗീകരിച്ചു.) |

| 1 | 2 | 3 | 4 |
|---|---|---|---|
| | | അതുപോലെ തന്നെ പുതുതായി പ്രവേശിപ്പിക്കുന്ന സ്ത്രീകൾക്ക് എയ്ഡ്സ് പോലെയുള്ള രോഗപരിശോധന നടത്തുന്നതിനും ഗർഭകാലഘട്ടം തരണം ചെയ്ത് കുഞ്ഞിനെ വളർത്താൻ കഴിവില്ലാത്ത മന്ദബുദ്ധിമതികളായവർക്ക് പ്രത്യേക സംരക്ഷണവും ചികിത്സയും നൽകുന്നതിനും അത്യാഹിത രോഗചികിത്സ, പ്രസവം തുടങ്ങിയ കാര്യങ്ങൾക്കായുള്ള ചെലവ് വഹിക്കുന്നതിനുമായി ഒരു കണ്ടിൻജന്റ് ഫണ്ട് അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 127) | |
| 29 | 26 | അനധികൃത മദ്യഷാപ്പുകൾ പ്രവർത്തിക്കുന്നതുമൂലമുണ്ടാകുന്ന ദുരിതങ്ങൾ സംബന്ധിച്ച് വളരെയധികം പരാതികൾ സമിതിക്ക് കിട്ടികൊണ്ടിരിക്കുന്നു. ഇതിനൊരു പ്രധാന കാരണം ഇത്തരത്തിലുള്ള കുറ്റകൃത്യം ഇപ്പോൾ ജാമ്യം നൽകാവുന്ന കുറ്റകൃത്യം (ബെയിലബിൾ ഒഫൻസ്) ആയിട്ട് കണക്കാക്കുന്നതാണെന്ന് സമിതി മനസ്സിലാക്കുന്നു. ഇത് ഫലപ്രദമായി തടയുന്നതിനായി അനധികൃത മദ്യഷാപ്പുകൾ നടത്തുന്ന കുറ്റകൃത്യത്തിനെ ജാമ്യം ലഭിക്കാത്ത നോൺബെയിലബിൾ ഒഫൻസ് ആക്കി മാറ്റണമെന്ന് സമിതി ആവശ്യപ്പെടുന്നു. (ഖണ്ഡിക 128) | **നികുതി വകുപ്പ്**<br>(19-9-2008-ലെ 6634/ജി2/08/നിവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)<br>അനധികൃത മദ്യഷാപ്പുകൾ പ്രവർത്തിക്കുന്നത് അബ്കാരി ആക്ടിലെ സെക്ഷൻസ് 10, 55(എ), 55(ഐ) എന്നിവ പ്രകാരം ജാമ്യമില്ലാത്ത കുറ്റമാണ്. 3-6-1997 മുതൽക്ക് തന്നെ അനധികൃത മദ്യഷാപ്പുകൾ പ്രവർത്തിപ്പിക്കുന്നത് ജാമ്യമില്ലാത്ത കുറ്റകൃത്യമായി (നോൺ ബെയിലബിൾ ഒഫൻസ്) കണക്കാക്കിവരുന്നു.<br>(11-3-2009-ലെ യോഗത്തിൽ അംഗീകരിച്ചു.) |

| | | | |
|---|---|---|---|
| 30 | 27 | ഓർഡിനറി, സിറ്റി, ഹ്രസ്വദൂര ഫാസ്റ്റ് പാസഞ്ചർ എന്നീ സർവ്വീസുകളിൽ സ്ത്രീകൾക്കായി നീക്കിവച്ചിട്ടുള്ള സീറ്റുകൾ ദീർഘദൂര ഫാസ്റ്റ് പാസഞ്ചറിൽകൂടി സംവരണം ചെയ്യണമെന്നും ഇതനുസരിച്ച് കൃത്യമായി സ്ത്രീകൾക്ക് സീറ്റ് നൽകാതിരിക്കുന്ന സാഹചര്യമുണ്ടായാൽ കണ്ടക്ടർമാർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി ആവശ്യപ്പെട്ടിരുന്നു. (ഖണ്ഡിക 130) | **ഗതാഗത വകുപ്പ്** (23-8-2008-ലെ 9308/ഡി2/2000/ട്രാൻസ്. നമ്പർ കത്ത് മുഖേന) ദീർഘദൂര സർവീസുകളിൽ കണ്ടക്ടറുടെ സീറ്റിന് സമാന്തരമായിട്ടുള്ള 3 സീറ്റുകൾ ഏതവസരത്തിലും സ്ത്രീകൾക്ക് തന്നെ നൽകണമെന്ന് ബന്ധപ്പെട്ടവർക്കെല്ലാം കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഹ്രസ്വദൂര സർവീസുകളിൽ നടപ്പിലാക്കിയിട്ടുള്ളതുപോലെ ദീർഘദൂര സർവ്വീസുകളിൽകൂടി 25% സീറ്റുകൾ സ്ത്രീകൾക്കായി നീക്കി വയ്ക്കുന്നത് പ്രായോഗികമല്ല. റിസർവേഷന്റെ കാര്യത്തിലും ദീർഘദൂര യാത്രക്കാരുടെ കാര്യത്തിലും ഇത് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കും. നിശ്ചിത എണ്ണം സീറ്റുകൾ സ്ത്രീകൾക്കായിമാത്രം നീക്കിവയ്ക്കേണ്ടി വന്നാൽ വളരെയധികം സീറ്റുകളിൽ യാത്രക്കാരില്ലാതെ, അതേസമയം ദീർഘദൂര യാത്രക്കാർക്ക് സീറ്റ് ലഭിക്കാതെയുള്ള അവസ്ഥ സംജാതമാവുകയും ഇത്തരത്തിൽ അനുഭവമുണ്ടാകുന്നവർ കെ.എസ്.ആർ.ടി.സി. ബസിനെ ഉപേക്ഷിക്കുന്നതിന് ഇടവരുത്തുകയും ചെയ്യും. ഇത് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമാകും. (11-3-2009-ലെ യോഗത്തിൽ അംഗീകരിച്ചു.) |

| 1 | 2 | 3 | 4 |
|---|---|---|---|
| 31 | 28 | <u>ബസിന്റെ ഫുട്ബോർഡിന്റെ ഉയരം കൂട്ടുന്നത് സ്ത്രീകളായ യാത്രക്കാർക്ക് വളരെയേറെ പ്രയാസമുണ്ടാക്കുന്നതിനാൽ ഫുട്ബോർഡിന്റെ പൊക്കം കുറയ്ക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.</u> (ഖണ്ഡിക 132) | **ഗതാഗത വകുപ്പ്** (21-8-2008-ലെ 9308/ഡി2/2000/ട്രാൻസ്. നമ്പർ കത്ത് മുഖേന) സ്ത്രീകൾക്കും കുട്ടികൾക്കും കയറുവാൻ സൗകര്യപ്രദമായ രീതിയിൽ തന്നെയാണ് കെ.എസ്.ആർ.ടി.സി. ബസുകളുടെ ഫുട്ബോർഡുകൾ ക്രമീകരിച്ചിട്ടുള്ളത്. (11-3-2009-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 32 | 29 | റെയിൽവേ സ്റ്റേഷനുകളിൽ രണ്ടാം ക്ലാസ്സ് യാത്രക്കാർക്കുണ്ടായിരുന്ന വെയിറ്റിംഗ് റൂമുകൾ റെയിൽവേ നിർത്തലാക്കിയത് കാരണം സ്ത്രീകളായ യാത്രക്കാർക്ക് വളരെയേറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി സമിതിക്ക് ബോദ്ധ്യമായിട്ടുണ്ട്. ഒന്നാം ക്ലാസ് യാത്രക്കാർക്കുള്ള സൗകര്യം രണ്ടാം ക്ലാസ് യാത്രക്കാർക്ക് പ്രയോജനപ്പെടുത്താനാവുന്നുമില്ല. റെയിൽവേ സ്റ്റേഷനുകളിൽ ഉണ്ടാകുന്ന അനിഷ്ട സംഭവങ്ങൾക്ക് ഒരു പ്രധാന കാരണം വനിതാ യാത്രക്കാർക്ക് സുരക്ഷിതമായ വെയിറ്റിംഗ് റൂം ഇല്ലാത്തതാണെന്ന വസ്തുത പരിഗണിച്ച് <u>രണ്ടാം ക്ലാസ് യാത്രക്കാർക്ക് (സ്ത്രീകൾക്ക്) അനുവദിച്ചിരുന്ന വെയിറ്റിംഗ് റൂമുകൾ വീണ്ടും ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.</u> (ഖണ്ഡിക 133) | **ഗതാഗത വകുപ്പ്** (21-8-2008-ലെ 9308/ഡി2/2000/ട്രാൻസ്. നമ്പർ കത്ത് മുഖേന) രണ്ടാം ക്ലാസ് യാത്രക്കാർക്ക് (സ്ത്രീകൾക്ക്) അനുവദിച്ചിരുന്ന വെയിറ്റിംഗ് റൂമുകൾ നിർത്തലാക്കിയിട്ടില്ലെന്ന് തിരുവനന്തപുരം റെയിൽവേ ഡിവിഷൻ അധികൃതർ അറിയിച്ചിട്ടുണ്ട്. കൂടാതെ സ്ത്രീകൾക്ക് വെയിറ്റിംഗ് റൂമുകൾ ലഭ്യമാക്കുകയെന്നുള്ളതാണ് റെയിൽവേയുടെ നയം എന്നും അറിയിച്ചിട്ടുണ്ട്. (11-3-2009-ലെ യോഗത്തിൽ അംഗീകരിച്ചു.) |

| | | | |
|---|---|---|---|
| 33 | 30 | റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റേഷൻ എന്നിവിടങ്ങളിലെ അനിഷ്ട സംഭവങ്ങൾ ഒഴിവാക്കുന്നതിനും യാത്രക്കാരുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും പോലീസ് എയ്ഡ് പോസ്റ്റുകൾ സ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 134) | **ഗതാഗത വകുപ്പ്**<br>(21-8-2008-ലെ 9308/ഡി2/2000/ട്രാൻസ്. നമ്പർ കത്ത് മുഖേന)<br>കെ.എസ്.ആർ.ടി.സി.യുടെ പ്രമുഖ ബസ് സ്റ്റേഷനുകളിലെല്ലാം തന്നെ പോലീസ് എയ്ഡ് പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. റെയിൽവേ സ്റ്റേഷനുകളിൽ പോലീസ് എയ്ഡ് പോസ്റ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിച്ച് നടപടിയെടുക്കുന്നതിനായി ആഭ്യന്തര വകുപ്പിനോടാവശ്യപ്പെട്ടിട്ടുണ്ട്.<br>(11-3-2009-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 34 | 31 | എല്ലാ റെയിൽവേ സ്റ്റേഷനുകളിലും ബസ് സ്റ്റേഷനുകളിലും ടിക്കറ്റ് റിസർവേഷൻ സ്കീകൾക്ക് പ്രത്യേകം ക്യൂ അനുവദിക്കണമെന്നും സമിതി ആവശ്യപ്പെടുന്നു.<br>(ഖണ്ഡിക 135) | **ഗതാഗത വകുപ്പ്**<br>(21-8-2008-ലെ 9308/ഡി2/2000/ട്രാൻസ്. നമ്പർ കത്ത് മുഖേന)<br>കെ.എസ്.ആർ.ടി.സി.യുടെ തിരുവനന്തപുരം സെൻട്രൽ, എറണാകുളം തുടങ്ങിയ പ്രമുഖ ബസ് സ്റ്റേഷനുകളിൽ മാത്രമാണ് സീറ്റ് റിസർവേഷൻ കൗണ്ടറുകളിൽ ക്യൂ സംവിധാനം ഏർപ്പെടുത്തേണ്ടി വരുന്നത്. ഇത്തരം ബസ് സ്റ്റേഷനുകളിൽ 24 മണിക്കൂറും ജാഗ്രതയോടെ പ്രവർത്തിക്കുന്ന |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | സെക്യൂരിറ്റി വിഭാഗം ജോലി ചെയ്യുന്നുണ്ട്. കൂടുതൽ തിരക്കുള്ള അവസരങ്ങളിൽ അവരുടെ ശ്രദ്ധ ഇത്തരം കൗണ്ടറുകളിൽ കേന്ദ്രീകരിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഇത് സംബന്ധമായി പരാതികളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. കൂടാതെ ഇവിടങ്ങളിൽ പോലീസ് എയിഡ് പോസ്റ്റ് സംവിധാനവും നിലവിലുണ്ട്. ഇക്കാരണങ്ങളാൽ സീറ്റ് റിസർവേഷൻ കൗണ്ടറുകളിൽ സ്ത്രീകൾക്ക് പ്രത്യേക ക്യൂ സമ്പ്രദായം ഏർപ്പെടുത്തേണ്ട ആവശ്യമുണ്ടെന്ന് ബോദ്ധ്യപ്പെട്ടിട്ടില്ല. കമ്പ്യൂട്ടറയിസ്ഡ് റിസർവേഷൻ കൗണ്ടർ നിലവിൽ വന്നതോടെ ഏതു കൗണ്ടറിൽ നിന്നും ഏതു ക്ലാസ്സിലേക്കും സ്ഥലത്തേക്കുമുള്ള ടിക്കറ്റ് ആർക്കും എടുക്കാമെന്ന സ്ഥിതി ആയതിനാൽ, സ്ത്രീകൾക്ക് പ്രത്യേകം ക്യൂ എന്നതിന് പ്രസക്തിയില്ലാതായി എന്നും ആ രീതി വീണ്ടും കൊണ്ടുവരണമെങ്കിൽ, അത് നയപരമായ |

| | | | |
|---|---|---|---|
| | | | തീരുമാനം ആയതിനാൽ അപെക്സ് ലെവലിൽ മാത്രമേ തീരുമാനം കൈക്കൊള്ളാൻ സാധിക്കൂ എന്നും തിരുവനന്തപുരം റെയിൽവേ ഡിവിഷണൽ മാനേജർ അറിയിച്ചിട്ടുണ്ട്. അതിനാൽ പ്രസ്തുത ശിപാർശയിന്മേൽ ആവശ്യമായ നടപടി കൈക്കൊള്ളുവാൻ റെയിൽവേ ബോർഡ് ചെയർമാനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>(11-3-2009-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 35 | 32 | സ്റ്റേറ്റ് വിമൻസ് സെല്ലിന്റെ മാതൃകയിൽ ഓരോ ജില്ലയിലും എസ്.പി.യുടെ നേരിട്ടുള്ള നിയന്ത്രണത്തിലും മേൽനോട്ടത്തിലും വനിതാ സെല്ലുകൾ പ്രവർത്തിപ്പിക്കണം. ഈ സെല്ലിന്റെ ചുമതല ഡിവൈ.എസ്.പി. റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥനെ ഏൽപ്പിക്കണം.<br>[ഖണ്ഡിക 136(1)] | **ആഭ്യന്തര വകുപ്പ്**<br>(21-7-2006-ലെ 61470/കെ2/05/ആഭ്യന്തരം നമ്പർ കത്ത് മുഖേന)<br>സ്റ്റേറ്റ് വനിതാ സെല്ലിന്റെ മാതൃകയിൽ ഓരോ ജില്ലയിലും അതത് ജില്ലാ പോലീസ് സൂപ്രണ്ടുമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിലും മേൽനോട്ടത്തിലും വനിതാ സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സെല്ലിന്റെ പൂർണ്ണ ചുമതല അതത് ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പി.മാരിലാണ് നിക്ഷിപ്തമായിരിക്കുന്നത്.<br>(21-8-2007-ലെ യോഗത്തിൽ അംഗീകരിച്ചു.) |

| 1 | 2 | 3 | 4 |
|---|---|---|---|
| 36 | 33 | വനിതാ സെല്ലിന്റെ പ്രവർത്തനം സംബന്ധിച്ച് പൊതുജനങ്ങൾക്ക് അറിവ് നൽകുന്നതിന് ഇത് സംബന്ധിച്ച് വ്യാപകമായ പ്രവർത്തനവും ബോധവൽക്കരണവും നടത്തണം. [ഖണ്ഡിക 136 (2)] | **ആഭ്യന്തര വകുപ്പ്** (21-7-2006-ലെ 61470/കെ2/05/ആഭ്യന്തരം നമ്പർ കത്ത് മുഖേന) വനിതാ സെല്ലിന്റെ പ്രവർത്തനം സംബന്ധിച്ച് പൊതുജനങ്ങൾക്ക് അറിവ് നൽകുന്നുണ്ട്. ഇത് സംബന്ധിച്ച് പ്രവർത്തനവും ബോധവൽക്കരണവും നടത്തുന്നുണ്ട്. (21-8-2007-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 37 | 34 | വനിതാ സെൽ എസ്.പി. ഓരോ ജില്ലയും സന്ദർശിച്ച് നേരിട്ട് കാര്യങ്ങൾ പരിശോധിക്കുകയും പ്രശ്നങ്ങൾ ശരിയായി വിലയിരുത്തി നടപടി സ്വീകരിക്കുകയും വേണം. എസ്.പി. വിവിധ ജില്ലകൾ സന്ദർശിക്കുന്നത് സംബന്ധിച്ച് ജനങ്ങൾക്ക് മുൻകൂട്ടി അറിവ് നൽകുന്നതിനായി സന്ദർശനം സംബന്ധിച്ച് പത്രവാർത്ത പ്രസിദ്ധീകരിക്കണം. [ഖണ്ഡിക 136 (3)] | **ആഭ്യന്തര വകുപ്പ്** (21-7-2006-ലെ 61470/കെ2/05/ആഭ്യന്തരം നമ്പർ കത്ത് മുഖേന) സ്റ്റേറ്റ് വനിതാ സെൽ പോലീസ് സൂപ്രണ്ട് ഓരോ ജില്ലയിലേയും വനിതാ സെല്ലുകൾ സന്ദർശിച്ച് നേരിട്ട് കാര്യങ്ങൾ പരിശോധിക്കുകയും പ്രശ്നങ്ങൾ ശരിയായി വിലയിരുത്തുകയും വനിതാ സെല്ലിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിലേക്കുമായി വേണ്ടനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. സ്റ്റേറ്റ് വനിതാ സെൽ പോലീസ് സൂപ്രണ്ട് ജില്ലകൾ സന്ദർശിക്കുന്നത് |

| | | | |
|---|---|---|---|
| | | | ജനങ്ങളെ മുൻകൂട്ടി അറിയിക്കുന്നതിന് പത്രവാർത്ത പ്രസിദ്ധീകരിച്ചിട്ടില്ല. അത് നടപ്പിൽ വരുത്തുന്നതിനായി ഉടൻതന്നെ നടപടി സ്വീകരിക്കുന്നതാണ്.<br>(21-8-2007-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 38 | 35 | സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ജനപ്രതിനിധികളെയും പൊതുപ്രവർത്തകരെയും വനിതാ സംഘടന/സാമൂഹ്യക്ഷേമ സംഘടന/സന്നദ്ധ സംഘടന എന്നിവരുടെ ഭാരവാഹികളെയും മാധ്യമ പ്രവർത്തകരെയും ഉൾപ്പെടുത്തി ഒരു അനൗദ്യോഗിക സമിതി സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലും രൂപീകരിക്കുവാൻ നടപടി സ്വീകരിക്കണം. ഇതിന് വനിതാ സെൽ മേധാവി മുൻകൈ എടുക്കണം.<br>[ഖണ്ഡിക 136 (4)] | **ആഭ്യന്തര വകുപ്പ്**<br>(21-7-2006-ലെ 61470/കെ2/05/ആഭ്യന്തരം നമ്പർ കത്ത് മുഖേന)<br>സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി വനിതാ സംഘടന/സാമൂഹ്യക്ഷേമ സംഘടന/സന്നദ്ധ സംഘടന എന്നിവർ നടത്തുന്ന പൊതുപരിപാടികളിലും അനൗദ്യോഗികമായി നടത്തപ്പെടുന്ന ബോധവൽക്കരണ പരിപാടികളിലും സെമിനാറുകളിലും വനിതാ സെല്ലിനെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്നതിലേക്കായി വനിതാ സെല്ലിലുള്ള കൗൺസിലർമാരെ നിയോഗിക്കാറുണ്ട്. 6-12-2005 മുതൽ ഇത്തരത്തിൽ ഒരു ഔദ്യോഗിക സമിതി സംസ്ഥാനതലത്തിലും അവയില്ലാത്ത ജില്ലാതലങ്ങളിലും രൂപീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു.<br>(21-8-2007-ലെ യോഗത്തിൽ അംഗീകരിച്ചു.) |

| 1 | 2 | 3 | 4 |
|---|---|---|---|
| 39 | 36 | <u>സമാന്തര അന്വേഷണം ഒഴിവാക്കുന്നതിനായി ആഭ്യന്തര വകുപ്പും സംസ്ഥാന വനിതാ കമ്മീഷനും വനിതാ സെല്ലുമായി കോ-ഓർഡിനേഷൻ ഉണ്ടായിരിക്കേണ്ടതാണ്.</u><br>[ഖണ്ഡിക 136 (5)] | **ആഭ്യന്തര വകുപ്പ്**<br>(21-7-2006-ലെ 61470/കെ2/05/ആഭ്യന്തരം നമ്പർ കത്ത് മുഖേന)<br>സമാന്തര അന്വേഷണം ഒഴിവാക്കുന്നതിനായി ആഭ്യന്തര വകുപ്പിന്റെയും സംസ്ഥാന വനിതാ കമ്മീഷന്റെയും സഹകരണം വനിതാ സെല്ലിന് ലഭ്യമാക്കാൻ നിലവിൽ വ്യവസ്ഥകളൊന്നുമില്ല.<br><u>സമിതി ആവശ്യപ്പെട്ട അധികവിവരം</u><br>സമാന്തര അന്വേഷണം ഒഴിവാക്കുന്നതിനായി ആഭ്യന്തര വകുപ്പും സംസ്ഥാന വനിതാ കമ്മീഷനും വനിതാ സെല്ലുമായി സഹകരണം ലഭ്യമാക്കുവാൻ നിലവിൽ വ്യവസ്ഥകൾ ഇല്ലെങ്കിൽ അത്തരം വ്യവസ്ഥകളുണ്ടാക്കണമെന്ന് നിർദ്ദേശിച്ചു.<br>**ആഭ്യന്തര വകുപ്പ്**<br>(17-1-2012-ലെ 9912/കെ2/08/ആഭ്യന്തരം നമ്പർ കത്ത് മുഖേന)<br>മിക്ക പരാതിക്കാരും പരാതി ഏതെങ്കിലും ഒരു അധികാരസ്ഥാനത്ത് സമർപ്പിക്കുകയും അതിന്റെ തുടർ നടപടികൾക്ക് കാത്തിരിക്കാതെ മറ്റ് സ്ഥലങ്ങളിൽ പരാതി കൊടുക്കുന്ന രീതി |

| | | | |
|---|---|---|---|
| | | | അനുവർത്തിക്കുകയും ഏതൊക്കെ സ്ഥലങ്ങളിൽ പരാതി കൊടുത്തുവെന്ന് വെളിപ്പെടുത്താതെ വനിതാ സെൽ ഉൾപ്പെടെയുള്ള പോലീസ് അധികൃതർക്ക് സമർപ്പിക്കുന്ന പരാതികളിന്മേൽ പലതിലും അടിയന്തര നടപടികൾ സ്വീകരിക്കേണ്ട സാഹചര്യങ്ങളും ഉണ്ടാകുമ്പോൾ സമാന്തര അന്വേഷണങ്ങൾ പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കാത്തതും എന്നാൽ സമാന്തര അന്വേഷണങ്ങൾ നടക്കുന്നുവെന്ന് ബോദ്ധ്യപ്പെട്ടാൽ അന്വേഷണ ഏജൻസികൾക്ക് പരസ്പരം വിവരങ്ങൾ കൈമാറാവുന്നതും തുടരന്വേഷണം നടത്തണമോ എന്നുള്ള കാര്യം തീരുമാനിക്കാവുന്നതുമാണ്. |
| 40 | 37 | വനിതാ സെല്ലിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വനിതാ സംഘടനാ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>[ഖണ്ഡിക 136 (6)] | **ആഭ്യന്തര വകുപ്പ്**<br>(21-7-2006-ലെ 61470/കെ2/05/ആഭ്യന്തരം നമ്പർ കത്ത് മുഖേന)<br>വനിതാ സംഘടന പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഉപദേശക സമിതി വനിതാ സെല്ലിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിലേക്കുവേണ്ട നടപടി സ്വീകരിച്ചുവരുന്നു.<br>(21-8-2007-ലെ യോഗത്തിൽ അംഗീകരിച്ചു.) |

<u>ഭാഗം 2</u>

## റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും അനന്തര നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാത്തവയും ബന്ധപ്പെട്ട വകുപ്പിന്റെ പേരും ചേർത്തിരിക്കുന്നു

| ഖണ്ഡിക നമ്പർ | ശിപാർശ | വകുപ്പ് |
|---|---|---|
| 16 | ഭിക്ഷാടനത്തിന് കുട്ടികളെ ഉപയോഗപ്പെടുത്തുന്നത് നിർബന്ധമായും നിരോധിക്കണമെന്നും ഇത്തരത്തിൽ കുട്ടികളെ പീഡിപ്പിക്കുന്നവർക്ക് കനത്ത ശിക്ഷ നൽകാൻ വ്യവസ്ഥയുണ്ടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | ആഭ്യന്തര (പി.എസ്.) |
| 46 | പോലീസ് സ്റ്റേഷനുകളിൽ ലഭിക്കുന്ന പരാതികൾക്ക് രസീത് നൽകുന്ന സമ്പ്രദായം നിലവിൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ,, |
| 53 | സ്വാധീനത്തിന്റെയും സാമ്പത്തികാനുകൂല്യത്തിന്റെയും പേരിൽ കുറ്റവാളി ശിക്ഷിക്കപ്പെടുന്നതിനുള്ള എല്ലാ പഴുതുകളും അടച്ചുകൊണ്ട് പരാതി രജിസ്റ്റർ ചെയ്തുവെന്ന് വരുത്തിത്തീർക്കാൻ മാത്രം നിസ്സാര വകുപ്പുകൾ ഉൾപ്പെടുത്തി കേസ് രജിസ്റ്റർ ചെയ്യുന്ന പ്രവണത പോലീസ് വകുപ്പ് നിർബന്ധമായും ഒഴിവാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | ,, |
| 54 | കേസ് ചാർജ്ജ് ചെയ്യുമ്പോൾ ശരിയായ വകുപ്പുകൾ എല്ലാം ചേർത്ത് കേസ് ചാർജ്ജ് ചെയ്യാതിരിക്കുന്നത് ഉദ്യോഗസ്ഥന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ചയും ആത്മാർത്ഥതയില്ലായ്മയുമാണ് വ്യക്തമാക്കുന്നതെന്ന് സമിതി അഭിപ്രായപ്പെടുകയും ഇവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. | ,, |
| 76 | തന്റെ ഭർത്താവിനെ കള്ളക്കേസിൽ കുടുക്കി എസ്. ഐ.യും ആൾക്കാരും വീടാക്രമിച്ചുകയറിയെന്നും ഈ അതിക്രമത്തിനെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി നസൈഫാ ബീവി, | ,, |

| | | |
|---|---|---|
| | വിതുര സമർപ്പിച്ച പരാതി സംബന്ധിച്ച് 'ചെറിയ തോതിലുള്ള ഒരു ഉന്തും തള്ളും സൃഷ്ടിച്ചിരിക്കാം എന്നല്ലാതെ മറ്റൊരു അനിഷ്ട സംഭവങ്ങളും പരാതിക്കാരിയുടെ വീട്ടിൽ ഉണ്ടായിട്ടില്ല' എന്ന വിവരങ്ങൾ സമിതിക്ക് നൽകിയ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. കൂടാതെ മേൽപ്പറഞ്ഞ റിപ്പോർട്ടിൽ സബ് ഇൻസ്പെക്ടർ തെറ്റായി ജി.ഡി. രേഖപ്പെടുത്തിയതായും പറഞ്ഞിട്ടുണ്ട്. ഇതിൽ നിന്നും പ്രസ്തുത കേസിന്റെ അന്വേഷണം സത്യസന്ധമായി നടന്നിട്ടില്ല എന്ന് വെളിവാകുന്നു. ഈ വിധത്തിലുള്ള ക്രമക്കേടുകൾ കാട്ടുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | |
| 118 | കുറ്റകൃത്യങ്ങളെ ലാഘവത്തോടെ കാണുന്ന പ്രവണത അവസാനിപ്പിക്കണമെന്നും കുറ്റകൃത്യങ്ങൾക്ക് അർഹമായി ശിക്ഷ ലഭിക്കത്തക്കവിധത്തിലായിരിക്കണം കുറ്റപത്രം തയ്യാറാക്കേണ്ടതെന്നും ഇതിൽ വീഴ്ചവരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെടുന്നു. | ,, |
| 119 | ദൃക്സാക്ഷികളില്ല എന്ന പഴുതിലൂടെ കുറ്റവാളികൾക്ക് രക്ഷപ്പെടാനവസരം നൽകാതെ സാഹചര്യ തെളിവുകളുടെ വെളിച്ചത്തിൽ ശിക്ഷ നൽകാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു. | ,, |
| 124 ന്മേലുള്ള തുടർ ശിപാർശ | വിദേശരാജ്യങ്ങളിൽ എംപ്ലോയ്മെന്റ് വിസയിൽ ജോലിക്ക് പോകുന്നവർ അക്കാര്യം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറേയോ ജില്ലാ കളക്ടറേയോ അറിയിക്കേണ്ടതാണ് എന്ന നിബന്ധന. | തൊഴിലും നൈപുണ്യവും (ജി) വകുപ്പ് |

ഡോ. എൻ. ജയരാജ്,
*അദ്ധ്യക്ഷൻ,*
*സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും*
*ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 16.

# അനുബന്ധം I

ബാലവേല സംബന്ധിച്ച നാളിതുവരെയുള്ള പ്രവർത്തന റിപ്പോർട്ട്

| ജില്ല | ബാലവേല നിയമപ്രകാരം പരിശോധനയിൽ കണ്ടെത്തിയ കുട്ടികളുടെ എണ്ണം | പ്രോസിക്യൂഷൻ കേസുകളുടെ എണ്ണം | ചൈൽഡ് ലേബർ വെൽഫെയർ സൊസൈറ്റി രൂപീകരിച്ച തീയതി | തൊഴിലുടമയിൽ നിന്നും ഈടാക്കി സൊസൈറ്റിയിൽ അടച്ച തുക സംബന്ധിച്ച വിവരം | ടി തുക ഉപയോഗിച്ച് സൊസൈറ്റിയുടെ പ്രവർത്തനം | ടി തുക ഉപയോഗിച്ച് കുട്ടികൾക്ക് നൽകിയ നഷ്ടപരിഹാരം |
|---|---|---|---|---|---|---|
| തിരുവനന്തപുരം | 3 | 3 (കോടതികൾ 1500/- രൂപയും 24,000/- രൂപയും പിഴ വിധിച്ചു). | 22.10.1997 | - | - | - |
| കൊല്ലം | 1 | 1 (കോടതി 7500/- രൂപ പിഴവിധിച്ചു). | 1997 | - | - | - |
| പത്തനംതിട്ട | 1 | 1 | 1997 | - | - | - |
| ആലപ്പുഴ | 2 | 1 | 1997 | - | - | - |
| കോട്ടയം | 1 | 1 | 15/10/1997 | - | - | - |
| ഇടുക്കി | | | 15/10/1997 | - | - | - |
| എറണാകുളം | 4 | 4 | 15/10/1997 | 20,000/-<br>20,000/- (40,000/-) | - | - |
| തൃശ്ശൂർ | 6 | 4 | 12/09/1997 | 29047/- | - | - |
| പാലക്കാട് | 2 | 2 | 22/10/1997 | - | - | - |
| മലപ്പുറം | 6 | | 29/10/1997 | - | - | - |
| കോഴിക്കോട് | | | 1997 | - | - | - |
| വയനാട് | 2 | (ഒരു കുട്ടിയെ ടി നിയമത്തിന്റെ പരിധിയിൽ അല്ലാത്തതിനാൽ വിട്ടയച്ചു) | 04/11/1997 | - | - | - |
| കണ്ണൂർ | 3-(ടി മൂന്നു പേരെയും 14 വയസ്സിനു മുകളിൽ പ്രായം തെളിയിച്ചതിനാൽ വിട്ടയച്ചു) | (ടി കുട്ടികളെ നിയമത്തിന്റെ പരിധിയിൽ അല്ലാത്തതിനാൽ വിട്ടയച്ചു) | 24.10.1997 | - | - | - |
| കാസർഗോഡ് | 2 | 1 | 24.10.1997 | - | - | - |
| ആകെ | 27 | 19 | | 69,047/- | | |

K.C

അനുബന്ധം II

No.5/CAMP/DGP/2003,
POLICE HEADQUARTERS,
THIRUVANANTHAPURAM,
DATED: 20-10-2003.

**EXECUTIVE DIRECTIVE NO: 18/2003**

Subject:- Grievances of SCs & STs - strengthening of Police response – reg:

It has been brought to my notice through various sources that the cases registered under the Scheduled Castes and Scheduled Tribes (Prevention of Atrocities) Act, 1989, are not being investigated by Police with the required sincerity and urgency. Some of the Police Officers are even trying to compromise these cases in order to help the accused person(s) to escape the rigours of punishment envisaged in the Act. Such predilections on the part of Police Officers are totally unacceptable, as these are not only illegal but against the very principles of social justice underlying the provisions of this special legislation which was enacted by the Indian Parliament in 1989 to check and deter crimes against the members of SC/ST Communities committed for various historical, social, economical and cultural reasons. It has also been felt that at present there is no institutional mechanism available to the members of SC/ST communities and their leaders to interact with Police Officers at the district and local levels for redressal of their grievances and problems. Similar views and concerns have also been voiced with great deal of dismay by the members of Kerala State Scheduled Castes and Tribes Development Advisory Committees in recently held two meetings in Thiruvananthapuram. The need to streamline and institutionalise the Police response to address the grievances/concerns of SCs & STs is therefore of paramount importance. The following actions should be taken towards realization of this objective.

(i) It needs to be reiterated that all the Police Officers have special responsibility to ensure that the objects and reasons for which SCs & STs PA Act was enacted are upheld and enforced impartially, honestly and without any prejudice towards the members of SC & ST Communities.

(ii) No Police Officer will ever even entertain the idea of compromising the cases registered under SCs & STs PA Act. Police Officers betraying this trust shall become liable for exemplary disciplinary actions. These cases shall continue to be investigated by respective Sub Divisional Police Officers with utmost sincerity, urgency and honesty. The victims in these cases need wholehearted sympathy of Police Officers.

(iii) All the petitions received from the members of SC/ST Communities will be enquired by the SHO personally with required sincerity and urgency. If any petition reveals the ingredients of any offence under SCs & STs PA Act, the petition shall suo – motto be converted into a criminal case by SHO and report forwarded to concerned SDPO for conducting further investigation into the

(iv) District Superintendents of Police / Commissioners of Police should conduct a detailed review of the cases under SCs & STs PA Act, in the monthly crime conferences and record their remarks in the proceedings of monthly crime conferences for compliance by the investigating Officers.

(v) The Dy. Superintendents of Police (DCRB) are hereby nominated as nodal officers to assist SsP/CsP for monitoring the complaints /grievances of SCs & STs in the district.

(vi) Constitution of District level Monitoring Committee

(a) The District Superintendents / Commissioners of Police will constitute a district level monitoring Committees to monitor the Police response towards grievances / complaints of SCs & STs. This committee will also review the implementation of the provisions of PA Act and prosecution of cases under the PA Act.

(b) The district level monitoring committee shall consist of all SDPOs and Circle Inspectors of district, prominent SC & ST leaders of district, representatives of SCs & STs organizations operating in the district and some members of Non-Government Organisations working amongst the SCs & STs. The District Superintendent of Police/ Commissioner of Police and Dy. Superintendent of Police (DCRB) shall be chairman and member secretary respectively.

(c) The Members of Kerala State Scheduled Castes and Scheduled Tribes Advisory Committees residing in the district / city will also be invited to attend the district level monitoring meeting by the concerned SP/CP. The list of members of State SCs & STs advisory Committees will be circulated by Superintendent of Police (Special Cell), Police Headquarters to all Superintendents / Commissioners of Police.

(d) The District level monitoring Committee shall meet once in every quarter of the year. The proceedings of this quarterly meetings will be forwarded by Superintendents/ Commissioners of Police to the Inspector General of Police (PCR) within 7 days of holding such meetings.

(vii) The Circle Inspectors of Police will also hold similar quarterly meetings with the leaders and representatives of SCs & STs in their respective jurisdiction to look into the various aspect of Police response to the grievances of SCs & STs. The minutes of this meeting will be sent to Dy SP (DCRB) by the Circle Inspectors, who in turn will peruse these minutes and bring any actionable point to the notice of concerned SP/CP for further necessary action.

(viii) Complaints from SCs & STs should be acknowledged and investigated / enquired expeditiously and objectively by Police at all levels. This is essential to dispel the impression prevalent especially among the Adivasis that they don't get proper treatment and justice from the police.

(ix) Police beat system in the Adivasi regions of the district should be streamlined and strengthened.

(x) The present level of visits and interactions of police particularly in the Adivasis regions are practically nil. The SHO and Circle Inspectors shall therefore visit at least two Adivasi hamlets in a month in their respective jurisdictions. SDPO should pay visit to at least one Adivasi hamlet in a month and enquire about the general situation in the hamlet and surrounding areas. All other senior police officers should visit SCs & STs colonies according their convenience and necessity. But the convenience should not be postponed indefinitely.

(xi) Census record of SCs &STs population and details of Adivasi hamlets in each Police Station needs to be collected and updated.

2. Rule 12 (4) of the Scheduled Castes and Scheduled Tribes (Prevention of Atrocities) Rules 1995 is about providing immediate relief in cash or in kind or both to the victims of atrocity, their family members and dependents according to the scale as in the Schedule annexed to these rules as Annexure I. The relief amount is given depending upon the nature and gravity of offence to each victim and also commensurate with the indignity, insult, injury and defamation suffered by the victim(s). The monetary relief is awarded at three stages : (i) at FIR stage (ii) When the charge sheet is sent to the court and (iii) when accused(s) are convicted by lower courts. The honest registration of FIR, expedient investigation and prompt charge sheeting of case are therefore, the most important and critical factors in setting into motion the process of awarding monetary relief to the victims of atrocities under this Act. This explains as how the entire edifice of this legal instrument is premised on the essentiality of scrupulous honesty and objectivity on the part of Police. This criticality of Police role in successful implementation of SCs & STs PA Act needs to be acknowledged, realized and internalized by one and all in the Police force.

3. Zonal IsG and Range DIsG will pay special attention in ensuring strict compliance of above instructions in their respective jurisdiction.

P.K.H. THARAKAN IPS
DIRECTOR GENERAL OF POLICE

To
All SsP/CsP of Districts
*All DIsG Ranges / All IsGP Zones/ IGP (PCR), IGP (INT),*
*SP (Special Cell) PHQ,*
*ADGP (OPS)/ ADGP (Int)/ ADGP (Crimes)/ ADGP (Trg).*

# അനുബന്ധം III

KLA / MOST URGENT

No. K9/102259/05
Police Head Quarters,
Kerala, Thiruvananthapuram.
Dtd.11/11/08

From

The Director General of Police
Kerala.

To,

All CPs and SPs in Districts

Sir,

Sub: KLA Committee for the Welfare of Women, Children and Handicapped – 4th report of the Committee - reg.-

Please refer to the above subject. The KLA Committee for the Welfare of Women, Children and Handicapped in its 4th report has made serious comments about the lukewarm and lackadaisical approach taken by some Police staff while registering a case, when investigation is conducted and when the case is charge sheeted. The Committee has strongly recommended to change the mind set up and approach of Police to their duty and responsibility.

PHQ strongly endorse the recommendation made by the Committee and is requested to give strict instructions to the subordinate officers in your unit to take prompt and timely action to register a case on a petition, to conduct and complete investigation and to charge sheet a case with out any delay. Investigation in the cases should be conducted rationally, impartially and effectively by plugging all loopholes to the accused for escaping from the clutches of law and punishments, and all privileges and security as offered by law should be ensured to the petitioner.

If any violation of the above instructions are noticed on the part of any Police officer/men, stern disciplinary action may be initiated against the concerned as per rules. The receipt of the communication may also please be acknowledged by return

Yours faithfully,

11/11/08

For Director General of Police

Copy to: ADGP, South Zone and ADGP, North Zone for the follow up action.

## അനുബന്ധം IV

### കേരള സർക്കാർ

### തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

### സർക്കുലർ

നമ്പർ. 27163/ഇ3/2010/തൊഴിൽ                                    തിരുവനന്തപുരം, തിയതി 29.01.2011.

വിഷയം :- സ്ത്രീകളെ കേരളത്തിന് വെളിയിൽ ജോലിക്കായി കൊണ്ടു പോകുന്നതിന് പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന :- കേരള നിയമസഭ - സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (1996-98) - 4-ാമത് റിപ്പോർട്ടിലെ 124-ാം ഉപഖണ്ഡികയിലെ ശുപാർശ.

കേരള നിയമസഭയുടെ - സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (1996-98)യുടെ 4-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 124-ൽ ജോലിക്കായി സ്ത്രീകളെ സംഘങ്ങളായി കേരളത്തിനു പുറത്തുകൊണ്ടു പോകുന്നത് അതത് ജില്ലാ കളക്ടറുടെ അറിവോടു കൂടിയായിരിക്കണമെന്ന നിർദ്ദേശം സർക്കാർ അംഗീകരിക്കുകയും ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശം പുറപ്പെടുവിക്കുകയും ചെയ്യുന്നു.

(i) സ്ത്രീകളെ സംഘങ്ങളായി കേരളത്തിന് വെളിയിൽ ജോലിക്കായി കൊണ്ടു പോവുകയാണെങ്കിൽ ആ വിവരം ഇപ്രകാരം കൊണ്ടുപോകുന്ന ഏജൻസി/വ്യക്തി ബന്ധപ്പെട്ട ജില്ലാ ലേബർ ഓഫീസറെ മുൻകൂട്ടി അറിയിക്കേണ്ടതും ജില്ലാ ലേബർ ഓഫീസർ ടി വിവരം ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ii) ഇതു സംബന്ധിച്ച അർദ്ധ വാർഷിക റിപ്പോർട്ട് ലേബർ കമ്മീഷണർക്ക് ജൂലൈ/ജനുവരി മാസങ്ങളിൽ ജില്ലാ ലേബർ ഓഫീസർമാർ സമർപ്പിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ കർശനമായ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ബി. പ്രകാശ്
ഗവണ്മെന്റ് സെക്രട്ടറി (ഇൻ ചാർജ്ജ്)

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും,
എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
വിവരവും പൊതുജന സമ്പർക്കവും വകുപ്പ് (വ്യാപക പ്രചാരണത്തിന്)
സ്റ്റോക്ക്ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.